08
2024
ഫെബ്രുവരി
വ്യാഴം
മകരം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.125 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-125 | പേജ് 4. വില 2.00 രൂപ




02 ▶ വാഗ്ദാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതാണ് പിണറായി സർക്കാരിൻെറ പ്രത്യേകത: മന്ത്രി പി. രാജീവ്

03 ▶ തമ്പാനൂർ പോലീസ് സ്റ്റേഷനിലെ തൊണ്ടിവാഹനങ്ങൾ റോഡരികിൽ

04 ▶ ആശുപത്രികളെ രോഗീ സൗഹൃദവും ജനസൗഹൃദവും ആക്കുക സർക്കാർ ലക്ഷ്യം: മന്ത്രി വീണ ജോർജ്

## മൺസൂൺകാല ട്രോളിംഗ് നിരോധനം

# ചെമ്മീൻ സമ്പത്തിന് ഗുണകരമെന്ന് പഠനം



കൊച്ചി: മൺസൂൺ കാലത്തെ ട്രോളിംഗ് നിരോധനം കൊണ്ട് പൊതുവെ കരുതിയിരുന്നത് പോലെ കരിക്കാടി ചെമ്മീൻ സമ്പത്തിന് നഷ്ടമൊന്നും സംഭവിക്കുന്നില്ലെന്ന് പഠനം. മറിച്ച്, കടലിൽ കരിക്കാടി ചെമ്മീൻ സമ്പത്തിന്റെ സുസ്ഥിരവളർച്ചയക്ക് നിരോധനം ഗുണകരമാണെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം വെളിപ്പെടുത്തുന്നു.

ട്രോളിംഗ് നിരോധനം കാരണം പിടിച്ചെടുക്കാൻ കഴിയാതെ പോകുന്ന കരിക്കാടി ചെമ്മീൻ സമ്പത്ത്, തീരക്കടലുകളിൽ നിന്ന് ഇവ പിന്നീട് ആഴക്കടലുകളിലേക്ക് നീങ്ങുന്നതിനാൽ എന്നെന്നേക്കുമായി നഷ്ടപ്പെടുമെന്ന് മത്സ്യത്തൊഴിലാളികൾ ഭയന്നിരുന്നു. നിരോധനം നടപ്പിലാക്കിയതിനെ തുടർന്നുണ്ടായ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകളാണ് ഈ ധാരണക്ക് വഴിയൊരുക്കിയത്. എന്നാൽ, ഉപ്പിന്റെ അളവ് കൂടുതലുള്ള ആഴക്കടലുകളിലേക്ക് ഇവ നീങ്ങുന്നുണ്ടെന്ന് കണ്ടെത്തിയെങ്കിലും ട്രോളിംഗ് നിരോധനം കഴിഞ്ഞയുടൻ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽ നിന്ന് ഈ ചെമ്മീൻ പിടിക്കാൻ സാധിക്കുമെന്ന് സിഎംഎഫ്ആർഐ പഠനം പറയുന്നു.

മാത്രമല്ല, മൺസൂൺകാലങ്ങളിൽ തീരക്കടലുകളിൽ വളരെ ചെറിയ ഇനം ചെമ്മീനുകളാണ് കാണപ്പെടുന്നത്. ഇക്കാലയളവിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിലൂടെ അവയുടെ പ്രജനനം തുടരാനും കൂടുതൽ അളവിലും വലിപ്പത്തിലും വളർച്ച കൈവരിക്കാനുമാകുന്നു. ഇക്കാരണത്താൽ, മൺസൂൺ കാല ട്രോളിംഗ് നിരോധനം കരിക്കാടി ചെമ്മീൻ സമ്പത്തിന് ഏറെ ഗുണകരമാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. ട്രോളിംഗ് നിരോധന ശേഷമുള്ള ആഗസ്ത് സെപ്തംബർ മാസങ്ങളിൽ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽ നിന്ന് മികച്ച വളർച്ച നേടിയ കരിക്കാടി ചെമ്മീൻ പിടിക്കാവുന്നതാണ്. മഴക്കാലത്ത് തീരക്കടലുകളിൽ ഉപ്പിന്റെ അംശം കുറയുന്നത് കാരണമാണ് ഇവ ആഴക്കടലുകളിലേക്ക് മാറുന്നത്. പിന്നീട് തീരക്കടലുകളിൽ ഉപ്പിന്റെ അളവ് അനുകൂലമാകുന്നതോടെ പിടിച്ചെടുക്കാതെ പോകുന്ന വലിയൊരു വിഭാഗം കരിക്കാടി ചെമ്മീൻ സമ്പത്ത് തീരക്കടലുകളിലേക്ക് തിരിച്ചെത്തുന്നതായും പഠനത്തിൽ കണ്ടെത്തി. റീജ്യണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ട്രോൾ മത്സ്യത്തൊഴിലാളികൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഈ പഠനം നടത്തിയതെന്ന് സിഎംഎഫ്ആർഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ എ പി ദിനേശ്ബാബു പറഞ്ഞു. കരിക്കാടി ചെമ്മീനിന്റെ കടലിലെ സഞ്ചാരവും ഏതൊക്കെ പാരിസ്ഥിതിക ഘടകങ്ങളാണ് അവയെ സ്വാധീനിക്കുന്നതെന്നും മാപ്പിംഗിലൂടെ ശാസ്ത്രീയമായി കണ്ടെത്താൻ പഠനം സഹായിച്ചെന്നും അദ്ദേഹം പറഞ്ഞു.

## വിവാഹമെന്ന സംവിധാനം കാത്തു സൂക്ഷിക്കേണ്ടതുണ്ട്: സുപ്രീംകോടതി

ന്യൂഡൽഹി: രാജ്യത്ത് വിവാഹമെന്ന സംവിധാനം കാത്തുസൂക്ഷിക്കേണ്ടതുണ്ടെന്നും വിവാഹിതരല്ലാതെ സ്ത്രീകൾ കുട്ടികൾക്ക് ജന്മം നൽകുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും സുപ്രീംകോടതി.

അവിവാഹിതയായ സ്ത്രീയെ വാടക ഗർഭധാരണത്തിലൂടെ അമ്മയാവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി തള്ളിക്കൊണ്ടായിരുന്നു കോടതിയുടെ നിരീക്ഷണം. ജസ്റ്റീസുമാരായ ബി.വി. നാഗരത്ന, അഗസ്റ്റിൻ ജോർജ് മാസിഹ് എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി കേട്ടത്.

വിവാഹത്തിലൂടെയല്ലാതെ കുട്ടികളെ വളർത്തുന്നത് ഇന്ത്യൻ സമൂഹത്തിൻറെ രീതികൾക്ക് വിരുദ്ധമാണ്. വിവാഹിതയായ ശേഷം അമ്മയാവുകയാണ് ഇവിടുത്തെ നിയമം. വിവാഹമെന്ന രീതിക്ക് പുറത്ത് അമ്മയാവുന്നത് ഇവിടെ നിലവിലുള്ള നിയമമല്ല. 44ാം വയസിൽ വാടക ഗർഭധാരണത്തിലൂടെ കുട്ടിയെ വളർത്തുന്നത് ബുദ്ധിമുട്ടായിരിക്കും. വിവാഹിതയാവാൻ ഹർജിക്കാരിക്ക് താത്പര്യമില്ല. എന്നാൽ, സമൂഹത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും ഞങ്ങൾക്ക് ആശങ്കയുണ്ട്.

നിരവധി കുട്ടികൾക്ക് അച്ഛനും അമ്മയും ആരെന്ന് അറിയാത്ത പടിഞ്ഞാറൻ രാജ്യങ്ങളെപ്പോലെയല്ല നമ്മൾ. വിവാഹമെന്ന സംവിധാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ശാസ്ത്രം ഏറെ പുരോഗമിച്ചെങ്കിലും സമൂഹത്തിലെ നിയമങ്ങൾ അതുപോലെയല്ല. നിങ്ങൾക്ക് ഞങ്ങളെ യാഥാസ്ഥിതികരെന്ന് വിളിക്കാം.



അത് ഞങ്ങൾ സ്വീകരിക്കുന്നുവെന്നും ജസ്റ്റീസ് നാഗരത്ന വ്യക്തമാക്കി. ജീവിതത്തിൽ എല്ലാം ലഭിക്കില്ലെന്നും അമ്മയാകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവാഹം കഴിക്കുകയോ ദത്തെടുക്കുകയോ ചെയ്യണമെന്നും കോടതി പറഞ്ഞു.

എന്നാൽ, വിവാഹിതയാകാൻ താത്പര്യപ്പെടുന്നില്ലെന്ന് സ്ത്രീയുടെ അഭിഭാഷകൻ കോടതിയെ അറിയിച്ചു. ദത്തെടുക്കൽ നടപടികൾ ഒരുപാട് കാലതാമസമെടുക്കുന്നു. അവിവാഹിതർക്ക് വാടക ഗർഭധാരണത്തിനുള്ള അവകാശം നിഷേധിക്കുന്നത് വിവേചനപരമാണ്.

ഇത്തരം നിയന്ത്രണങ്ങൾ മൗലികാവകാശത്തെ തടയുന്നു. എന്നു മാത്രമല്ല, കുടുംബമായി കഴിയാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയുടെ അടിസ്ഥാന മനുഷ്യാവകാശങ്ങളെ തടയുന്നതും പ്രത്യുത്പാദന അവകാശങ്ങളെ ലംഘിക്കുന്നതുമാണെന്നും അഭിഭാഷകൻ കോടതിയിൽ ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ വാടക ഗർഭധാരണ നിയമം സെക്ഷൻ 2 (എസ്) പ്രകാരം വിധവയോ വിവാഹമോചനം നേടിയതോ ആയ 35നും 45നും ഇടയിൽ പ്രായമുള്ള സ്ത്രീക്കു മാത്രമാണ് വാടക ഗർഭധാരണത്തിലൂടെ അമ്മയാകാൻ സാധിക്കുന്നത്. അവിവാഹിതർക്ക് സാധിക്കില്ല. ഇതു ചോദ്യം ചെയ്താണ് യുവതി സുപ്രീംകോടതിയെ സമീപിച്ചത്.

## പ്രവാസികൾക്കായി സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കും: പി. ശ്രീരാമകൃഷ്ണൻ

നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നോർക്ക റൂട്ട്സ് നടപടി സ്വീകരിച്ചു വരികയാണെന്ന് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. തിരിച്ചെത്തിയ പ്രവാസികൾക്കായി മലപ്പുറത്ത് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ (ചആഎഇ) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംരംഭകത്വ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലപ്പുറം സൂര്യ റീജൻസിയിൽ സംഘടിപ്പിച്ച ശില്പശാലയിൽ മലപ്പുറം ,കോഴിക്കോട്,പാലക്കാട് ജില്ലകളിൽ നിന്നുള്ള 62 പ്രവാസിസംരംഭകർ പങ്കെടുത്തു. വിവിധ സംരംഭകസഹായ പദ്ധതികൾ , വിവിധ തരം ലൈസൻസുകൾ, ജി.എസ്.ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. നോർക്കാ റൂട്സിന്റെ വിവിധ പദ്ധതികും സേവനങ്ങളും സംബന്ധിച്ച് ജനറൽ മാനേജർ അജിത് കോളശ്ശേരി വിശദീകരിച്ചു. എൻ.ബി.എഫ്.സിയിൽ നിന്നും പ്രോജക്ട്സ് മാനേജർ സുരേഷ് കെ.വി സീനിയർ പ്രോഗ്രാം കോർഡിനേറ്റർ ഷറഫുദ്ദീൻ. ബി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. നോർക്ക റൂട്ട്സ് കോഴിക്കോട് സെന്റർ മാനേജർ രവീന്ദ്രൻ.സി ചടങ്ങിൽ സ്വാഗതം പറഞ്ഞു. നടപ്പുസാമ്പത്തിക വർഷത്തെ ഏഴാമത് ബാച്ച് സംരംഭകത്വ പരിശീലന പരിപാടിയാണ് മലപ്പുറത്ത് സംഘടിപ്പിച്ചത്.

## കേന്ദ്രത്തിനെതിരായ കേരള സമരം ഇന്ന്

ന്യൂഡൽഹി: കേരളത്തെ കേന്ദ്രം സാമ്പത്തികമായി അവഗണിക്കുന്നെന്നാരോപിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും ഇടത് എം.പി.മാരും എം.എൽ.എ.മാരും നടത്തുന്ന ധർണ വ്യാഴാഴ്ച ജന്തർമന്തറിൽ നടക്കും.

സമരത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ചൊവ്വാഴ്ച രാത്രി ഡൽഹിയിലെത്തി. മന്ത്രിമാരായ ജി.ആർ. അനിൽ, റോഷി അഗസ്റ്റിൻ, ജെ. ചിഞ്ചുറാണി, ഏതാനും എം.എൽ.എ.മാർ തുടങ്ങിയവരും ഡൽഹി കേരള ഹൗസിലെത്തിയിട്ടുണ്ട്.

## അഗസ്റ്റിൻ ജോസഫിൻ്റ ഓർമ്മ ദിവസം ഫെബ്രുവരി മൂന്നിനാണ്

# കലാവല്ലഭൻ അഗസ്റ്റിൻ ജോസഫ്

**മോഹൻ ശ്രീശൈലം**



അഗസ്റ്റിൻ ജോസഫ് നടൻ, ഗായകൻ, കെ ജെ യേശുദാസിന്റെ പിതാവ്. 1912 മാർച്ച് 24 ന് എറണാകുളത്താണ് കാട്ടാശ്ശേരി അഗസ്റ്റിൻ ജോസഫ് ജനിച്ചത്. ചെറുപ്പകാലത്ത് തന്നെ സംഗീതവാസന കാണിച്ച അദ്ദേഹത്തെ മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ചു. ശാസ്ത്രീയ സംഗീതം അഭ്യസിച്ച അഗസ്റ്റിൻ ജോസഫ്, നാടകങ്ങളിൽ പാടുവാനും അഭിനയിക്കുവാനും തുടങ്ങി. എലിസബത്തിനെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. പാപ്പുക്കുട്ടി ഭാഗവതർക്കൊപ്പം നിരവധി നാടകങ്ങളിൽ അദ്ദേഹം പാടി അഭിനയിച്ചു. ആർട്ടിസ്റ്റ് പി ജെ ചെറിയാന്റെ മിശിഹാ ചരിത്രം അതിൽ പ്രശസ്തമാണ്. 1950 ൽ പുറത്തിറങ്ങിയ പി വി കൃഷ്ണയ്യർ സംവിധാനം ചെയ്ത നല്ലതങ്ക എന്ന ചിത്രത്തിലൂടെ അദ്ദേഹം നടനും പിന്നണിഗായകനുമായി. അദ്ദേഹം ആദ്യം ആലപിച്ച ഗാനം മനോഹരമീ മഹാരാജ്യം എന്നതായിരുന്നു. മലയാളത്തിലെ ആദ്യ ഹിറ്റ് ചിത്രം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് നല്ലതങ്ക. പിന്നീട് ഇ ആർ കൂപ്പർ സംവിധാനം ചെയ്ത വേലക്കാരനിലും അദ്ദേഹം പാടി അഭിനയിച്ചു. പാതുമാം ജഗദീശ്വരാ എന്ന അയ്യപ്പ ഭക്തിഗാനം അന്ന് വളരെയധികം പ്രശസ്തി നേടിയ ഗാനമായിരുന്നു. ഒരു ഗായകനെന്ന നിലയിൽ യേശുദാസ് സിനിമയിൽ തന്റെ കരിയർ ആരംഭിക്കുന്നത് കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. പലപ്പോഴും മോശമായ സാമ്പത്തിക ചുറ്റുപാടുകൾ മൂലം, തീയേറ്ററിന് പുറത്ത് നിന്ന് അദ്ദേഹത്തിന് മകന്റെ പാട്ടുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. 1965 ഫെബ്രുവരി മൂന്നിന് മദിരാശിയിൽ വച്ച് അദ്ദേഹം അന്തരിച്ചു.

# കേരളത്തിന്റെ അതിജീവന സമരം

ന്യൂഡൽഹി : കേരളത്തിന്റെ അതിജീവനത്തിനും മുന്നോട്ടുപോക്കിനും അനിവാര്യമായ മാർഗം എന്ന നിലയിലാണ് ഡൽഹിയിൽ നാളെ സമരം നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സവിശേഷമായ ഒരു സമരമാണ് കേരളം നടത്തുന്നത്. സംസ്ഥാനത്തിന്റെ മന്ത്രിസഭാംഗങ്ങളും നിയമസഭാംഗങ്ങളും പാർലമെൻറംഗങ്ങളും ഈ പ്രക്ഷോഭത്തിൽ പങ്കെടുക്കും. കേരളത്തിന്റെ മാത്രമല്ല, പൊതുവിൽ സംസ്ഥാനങ്ങളുടെ ഭരണഘടനാദത്തമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള പ്രക്ഷോഭമാണിത് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രാജ്യത്ത് 17 സംസ്ഥാനങ്ങളിലാണ് ബിജെപി നേരിട്ടോ ബിജെപിയുടെ പങ്കാളിത്തത്തോടെയോ ഭരണമുള്ളത്. ഈ സംസ്ഥാനങ്ങളോടുള്ളതല്ല എൻഡിഎ ഇതര ഭരണമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര ഗവർമെൻറ് സ്വീകരിക്കുന്ന നിലപാട്. 17 ഇടത്ത് ലാളനയും മറ്റിടങ്ങളിൽ പീഡനവും എന്നതാണ് സമീപനം. അത്തരം നടപടികൾക്കെതിരെയാണ് പ്രതീകാത്മകമായ പ്രതിരോധം ഉയർത്തുന്നത്. ഇതിന് വ്യാപകമായ പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ എന്നിവർക്ക് കത്തുകൾ അയച്ചിട്ടുണ്ട് മുഖ്യമന്ത്രി പറഞ്ഞു.

15ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ ബഹു: രാഷ്ട്രപതി അംഗീകരിച്ച് ഭരണഘടനയുടെ അനുച്ഛേദം 281 പ്രകാരം പാർലമെൻറിന്റെ ഇരുസഭകളുടെയും മേശപ്പുറത്ത് വച്ച് അംഗീകരിച്ചതാണ്. അതിനെയാണ് ഒരു എക്സിക്യൂട്ടീവ് തീരുമാനത്തിലൂടെ അട്ടിമറിച്ചത്. ഇത് ഭരണഘടനാ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ്. ഈ നടപടി വഴി കിഫ്ബി, കെ എസ് എസ് പി എൽ (പെൻഷൻ കമ്പനി) തുടങ്ങിയ സംസ്ഥാന ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ എടുത്ത വായ്പകളെ കൂടി സംസ്ഥാനത്തിൻറെ കടമെടുപ്പ് പരിധിയിൽ മുൻകാല പ്രാബല്യത്തോടെ ഉൾപ്പെടുത്തുകയാണ്.

കിഫ്ബി, സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ വായ്പകൾ എന്നിവയുടെയെല്ലാം പേരിൽ വായ്പാ പരിധിയിൽ വൻതോതിൽ വെട്ടിക്കുറവ് വരുത്തി.



അടിസ്ഥാന സൗകര്യവികസനത്തിന് ആക്കം കൂട്ടാനും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ പൗരന്മാരുടെ മൗലിക അവകാശങ്ങൾ കാര്യക്ഷമമായി സംരക്ഷിക്കാനും ആവശ്യമായ നിക്ഷേപം കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാർ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി)യെ ശാക്തീകരിക്കുന്നത്. 84,454 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് കിഫ്ബി ഇതുവരെ അനുമതി നൽകിയിട്ടുള്ളത്. കൊച്ചിബാംഗ്ലൂർ വ്യവസായ ഇടനാഴിയും ഗിഫ്റ്റ് സിറ്റിയും തുടങ്ങി സംസ്ഥാനത്ത് വലിയ വികസനം സാധ്യമാക്കുന്ന പദ്ധതികളുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലിനായി 16,108 കോടി രൂപ ചെലവാക്കുന്നതും ഇതേ കിഫ്ബി മുഖേനയാണ്.

കൊച്ചി വാട്ടർ മെട്രോ, കെ ഫോൺ തുടങ്ങിയ വൻകിട പദ്ധതികളിലെല്ലാം കിഫ്ബിയുടെ നിക്ഷേപമുണ്ട്. കൊച്ചി വാട്ടർ മെട്രോ വിജയകരമായി കൊമേഴ്സ്യൽ ഓപ്പറേഷൻ നടത്തുകയാണ്. ദീർഘകാല ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കിഫ്ബിയ്ക്കെതിരെ ഇക്കാര്യങ്ങൾ മറച്ചു വച്ചാണ് വലിയ കുപ്രചരണം നടത്തുന്നത്.

2016ൽ എൽ. ഡി. എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ ക്ഷേമ പെൻഷൻ 600 രൂപയായിരുന്നെങ്കിൽ ഇന്ന് അത് 1600 രൂപയാണ്. സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിലായി 60 ലക്ഷം ഗുണഭോക്താക്കളാണുള്ളത്. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം കൈത്താങ്ങായ സാമൂഹ്യ ക്ഷേമ പെൻഷനുകൾ വിതരണം മുടങ്ങാതെ നടപ്പാക്കുന്നതിനായി രൂപീകരിച്ച പെൻഷൻ കമ്പനിയുടെ പ്രവർത്തനത്തിനായെടുക്കുന്ന വായ്പയും സംസ്ഥാന സർക്കാരിൻറെ കടപരിധിയിൽ ഉൾപ്പെടുത്തുകയാണ് കേന്ദ്ര സർക്കാർ. ഈ നയം അവരുടെ ജനവിരുദ്ധതയുടെ മറ്റൊരു ഉദാഹരണമാണ്. സംസ്ഥാനത്തിൻറെ സാമ്പത്തിക സ്വയംഭരണാവകാശത്തേ?ലുള്ള ഹീനമായ കൈകടത്തലാണിത്. ഭരണഘടനയിലൂടെ വിഭാവനം ചെയ്യപ്പെട്ട സാമ്പത്തിക ഫെഡറലിസത്തെ തകർക്കുകയാണ് കേന്ദ്ര സർക്കാർ.

# സർക്കാരിൻറെ സ്വപ്നപദ്ധതി വഴിമുട്ടി; എങ്ങുമെത്താതെ ഫ്ലാറ്റ് നിർമാണം

അമ്പലപ്പുഴ: ഫിഷറീസ് വകുപ്പിൻറെ നേതൃത്വത്തിൽ നിർമിക്കുന്ന സംസ്ഥാന സർക്കാരിൻറെ സ്വപ്നപദ്ധതിയായ ഫ്ലാറ്റ് നിർമാണം ഈ വർഷവും യാഥാർഥ്യമാകില്ലെന്ന് ഉറപ്പായി. പ്രതീക്ഷ നശിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ. നിർമാണമേറ്റെടുത്ത കരാറുകാരനു കോടികൾ നൽകാനുള്ളതുകൊണ്ട് നിർമാണം കരാറുകാരൻ നിർത്തിവച്ചതോടെ തോട്ടപ്പള്ളി മണ്ണുംപുറം കോളനിയിൽ നിർമിക്കുന്ന ഫ്ലാറ്റ് അനിശ്ചിതത്വത്തിലായിരിക്കുകയാണ്. സംസ്ഥാന ഖജനാവ് കാലിയായതോടെയാണ് കരാറുകാരന് കോടികൾ കുടിശികയായത്.

തീരദേശത്ത് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന തീരദേശവാസികളെ പുനരധിവസിപ്പിക്കുന്നതിൻറെ ഭാഗമായാണ് തോട്ടപ്പള്ളി മണ്ണുംപുറം കോളനിയിൽ 3.49 ഏക്കറിൽ ഫ്ലാറ്റ് നിർമാണത്തിനു തുടക്കം കുറിച്ചത്.

അമ്പലപ്പുഴ, പുറക്കാട്, തോട്ടപ്പള്ളി എന്നിവിടങ്ങളിലെ 204 കുടുംബങ്ങളെയാണ് പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കാൻ തീരുമാനിച്ചത്. കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിനു തൊട്ടു മുൻപ് 2019 ഫെബ്രുവരി 21 നായിരുന്നു പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നത്. 10 മാസത്തിനുള്ളിൽ നിർമാണം പുർത്തീകരിക്കുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ, സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധി ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഫ്ലാറ്റ് നിർമാണം അഞ്ചു വർഷമാകാറായിട്ടും പൂർത്തിയായിട്ടില്ല.

14 കോടി രൂപയാണ് പദ്ധതിച്ചെലവ്. സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് ഫ്ലാറ്റിൻറെ നിർമാണച്ചുമതല. 13 കെട്ടിടങ്ങളാണ് ഇവിടെ നിർമിക്കുന്നത്. ഒരു കെട്ടിടത്തിൽ 12 കുടുംബങ്ങൾക്കു താമസിക്കാൻ കഴിയുന്ന തരത്തിലാണ് നിർമാണം. സർക്കാരിൻറെ സ്വപ്നപദ്ധതിയാണ് കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്നു പാതി വഴിയിലായിരിക്കുന്നത്.

ഇനി പണം ലഭിക്കാതെ തുടർനിർമാണപ്രവർത്തനം നടത്തില്ലെന്ന കടുത്ത നിലപാടിലാണ് കരാറുകാരൻ. ഇനി പ്ലംബ്ബിംഗ്, വയറിംഗ് ജോലികളും പൂർത്തീകരിക്കേണ്ടതുണ്ട്.

നിർമാണമേറ്റെടുത്ത കരാറുകാരന് കോടികൾ കുടിശികയായതോടെ പ്ലംബ്ബിംഗ്, വയറിംഗ് ജോലികളും മറ്റ് കരാറുകാർ ഏറ്റെടുക്കാൻ സാധ്യത കുറവാണ്. അങ്ങനെയെങ്കിൽ സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധി തീരാതെ ഈ ഫ്ലാറ്റ് നിർമാണവും യാഥാർഥ്യമാകില്ല.

10 മാസം കൊണ്ട് പൂർത്തിയാക്കുമെന്ന് അവകാശപ്പെട്ട ഫ്ലാറ്റ് അഞ്ചുവർഷമാകാറായിട്ടും പാതിവഴിയിൽ കിടക്കുന്നതു സർക്കാരിന് നാണക്കേടായി മാറിയിരിക്കുകയാണ്. ഫ്ലാറ്റിൽ താമസിക്കാമെന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പ്രതീക്ഷയും സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് അസ്തമിച്ചിരിക്കകാണ്. കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിനു തൊട്ടു മുൻപാണ് മത്സ്യത്തൊഴിലാളികളുടെ കണ്ണിൽ പൊടിയിട്ടു ഫ്ലാറ്റ് നിർമാണ ഉദ്ഘാടനം സംഘടിപ്പിച്ചത്. അഞ്ചുവർഷം പിന്നിട്ട് അടുത്ത പാർലമെൻറ് തെരഞ്ഞെടുപ്പ് പടിവാതിൽക്കലെത്തിയിട്ടും ഫ്ളാറ്റ് യാഥാർഥ്യമായിട്ടില്ല. എന്നു പൂർത്തീകരിക്കുമെന്നറിയാതെ സർക്കാർ. പ്രതീക്ഷ നശിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ.

# അർജൻ്റീനക്കൊപ്പം യിപ്പിയും

കൊച്ചി:ഇന്ത്യയിലെ ഫുട്ബോൾ ആരാധകർക്ക് ആവേശം പകർന്നുകൊണ്ട്, അർജൻ്റീന ഫുട്ബോൾ അസോസിയേഷൻ്റെ (എഎഫ്എ) ഒഫീഷ്യൽ റീജിയണൽ സ്പോൺസർമാരായി ഐടിസിയുടെ സൺഫീസ്റ്റ് യിപ്പീ!യും ബിംഗോ!യും. ലോക ചാമ്പ്യനായ അർജൻ്റീന ഫുട്ബോൾ ടീമിന് ഇന്ത്യയിൽ വലിയ ആരാധകവൃന്ദമുണ്ടെന്ന് കണക്കിലെടുത്താണ് ഈ നീക്കം. ഇതിൻ്റെ ഭാഗമായി ഉപഭോക്താക്കൾക്ക് പങ്കെടുക്കാവുന്ന മത്സരങ്ങൾ, നറുക്കെടുപ്പുകൾ തുടങ്ങിയവകളിലൂടെ വിജയികൾക്ക് മാച്ച് ടിക്കറ്റുകൾ നേടാനും ടീം കളിക്കാരെ കാണാനും അഭിവാദ്യം ചെയ്യാനും കായികതാരങ്ങൾ ഒപ്പിട്ട മർച്ചൻ്റെസുകളും സ്മരണികകളും മറ്റും നേടാനും അവസരമുണ്ട്. ഒത്തുചേരൽ ആഘോഷിക്കുന്നതിനായി കൊൽക്കൊത്തയിലെ ഐടിസി സോനാറിൽ നടന്ന പരിപാടിയിൽ, ലയണൽ മെസ്സി, ഡി മരിയ, ലൗട്ടാരോ മാർട്ടിനെസ് തുടങ്ങിയവർ ഒപ്പിട്ട മർച്ചൻ്റെസുകളും സ്മരണികകളും ഉൾപ്പെടുന്ന എക്സ്ക്ലൂസീവ് പായ്ക്കുകൾ വിപണിയിലിറക്കി.

ഉപഭോക്താക്കളുമായുള്ള ബന്ധം കൂടുതൽ ദൃഡമാക്കാൻ ലക്ഷ്യമിട്ടാണ് ലോക ചാമ്പ്യൻ അർജൻ്റീനയുമായുള്ള പങ്കാളിത്തമെന്ന് ഐടിസി ഫുഡ്സ്, സ്നാക്ക്സ്, നൂഡിൽസ് ആൻഡ് പാസ്ത, മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡൻ്റും മേധാവിയുമായ സുരേഷ് ചന്ദ് പറഞ്ഞു. അതിർത്തികളും സംസ്കാരങ്ങളും മറികടന്നുചെല്ലാനുള്ള ശക്തി ഫുട്ബോളിനുണ്ടെന്നും ഈ സഹകരണം ഇന്ത്യയിലെ കായിക പ്രേമം വർദ്ധിപ്പിക്കുമെന്നും അർജൻ്റീന ഫുട്ബോൾ അസോസിയേഷൻ്റെ ചീഫ് കമേഴ്സ്യൽ ആൻഡ് മാർക്കറ്റിംഗ് ഓഫീസർ ലിയാൻഡ്രോ പീറ്റേഴ്സൺ പറഞ്ഞു.

പങ്കാളിത്തത്തിൻ്റെ ഭാഗമായി ഗ്രേറ്റസ്റ്റ് ഓഫർ ഓഫ് ഓൾ ടൈം (ഗോട്ട്) എന്ന പ്രൊമോയും യിപ്പീ അവതരിപ്പിച്ചു, ഇതിൽ പങ്കെടുക്കുന്നവർക്ക്, തങ്ങളുടെ പ്രിയപ്പെട്ട അർജൻ്റീന കളിക്കാരുമായി യിപ്പീ! നിമിഷം പങ്കിടാനുള്ള മത്സരത്തിനായി സൈൻ അപ്പ് ചെയ്യാം. വിജയികൾക്ക് ഒരു വ്യക്തിഗത ഡിജിറ്റൽ സ്മരണിക ലഭിക്കും. ഇതു കൂടാതെ കളിക്കാരുടെ ഒറിജിനൽ ഓട്ടോഗ്രാഫിട്ട ജഴ്സികളും മറ്റ് നിരവധി എഫ്എ ബാൻഡഡ് ഉൽപ്പന്നങ്ങളും നേടാനുള്ള അവസരവും ലഭിക്കും.

# ദേശീയപാതാ വികസന ഭൂമിയിലെ കൈയേറ്റക്കാരെ ഒഴിപ്പിക്കൽ തുടങ്ങി

വടക്കഞ്ചേരി: ദേശീയപാതാ വികസനത്തിനായി ഏറ്റെടുത്ത സ്ഥലങ്ങൾ കൈയേറിയവരെ ഒഴിപ്പിക്കുന്ന പ്രവൃത്തി തുടങ്ങി. കൂടുതൽപേർ സ്ഥലം കൈയേറിയിട്ടുണ്ടെന്ന കണ്ടെത്തലിൽ ഒഴിപ്പിക്കൽ നടപടി തുടരും.മംഗലംപാലം നെന്മാറ റോഡ് ജംഗ്ഷനിലെ കൈയേറ്റങ്ങളാണ് ഇപ്പോൾ ഒഴിപ്പിച്ചിട്ടുള്ളത്. ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ട് ഇവർക്കെല്ലാം ദേശീയപാത അഥോറിറ്റി നോട്ടീസ് നൽകിയിരുന്നു.

കൈയേറ്റക്കാർ സ്ഥാപിച്ചിരുന്ന താൽക്കാലിക ഷെഡുകളും നീക്കം ചെയ്തിട്ടുണ്ട്. സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള വസ്തുവകകൾ നീക്കം ചെയ്യണമെന്നും അല്ലാത്ത പക്ഷം അവ നീക്കംചെയ്ത് അതിനു വരുന്ന ചെലവ് കൈയേറ്റക്കാരിൽ നിന്നും ഈടാക്കുമെന്നും നോട്ടീസിൽ പറഞ്ഞിരുന്നു.മംഗലം പാലത്ത് മണ്ണിട്ട് നികത്തിയും മറ്റും പാത വികസനത്തിനായുള്ള സ്ഥലം ചിലർ സ്വന്തമാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. താൽക്കാലിക ഷെഡിൽ കച്ചവടം തുടങ്ങി പിന്നീട് സ്ഥിരം സംവിധാനമാക്കുന്ന പ്രവൃത്തികളും ഇവിടെ വ്യാപകമാണ്.

കൈയേറ്റ ഭൂമി മറ്റു ആളുകൾക്ക് വാടകക്ക് കൊടുത്തു പണമുണ്ടാക്കുന്ന സംഘങ്ങളുമുണ്ടെന്ന വിവരങ്ങളും അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പന്നിയങ്കര ടോൾപ്ലാസ മുതൽ മംഗലംപാലം വരെ വരുന്ന ഒന്നര കിലോമീറ്ററിനുള്ളിൽ മാത്രം ദേശീയപാതയുടെ രണ്ടേക്കറോളം സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്.

ദേശീയപാതയോരം വഴിയുള്ള വലിയ കുടിവെള്ള പൈപ്പുകൾ മുറിച്ച് അതിൽ നിന്നും കടകളിലേക്ക് വെള്ളം എടുക്കുന്നതിനുള്ള പൈപ്പ് സ്ഥാപിച്ചിരുന്നതായും പരിശോധനകളിൽ കണ്ടെത്തിയിരുന്നു. ശബരിമല സീസണിലാണ് ഇത്തരം അനധികൃത കൈയേറ്റങ്ങൾ കൂടുതലും നടക്കുന്നത്. സീസൺ കഴിഞ്ഞാലും സ്ഥലാവകാശം പറഞ്ഞ് കൈയേറ്റം തുടരുന്ന സ്ഥിതിയുമുണ്ട്.

യഥാ സമയങ്ങളിലുള്ള ഒഴിപ്പിക്കൽ നടക്കാത്തത് പിന്നീട് രാഷ്ട്രീയ ഇടപെടലുകൾക്കും ക്രമസമാധാന പ്രശ്നത്തിലേക്കും നീങ്ങുന്ന സാഹചര്യവും ഇവിടെ ഉണ്ടാകാറുണ്ട്.

കൈയേറ്റം ഒഴിപ്പിച്ച സ്ഥലങ്ങൾ നിരപ്പാക്കി യാത്രക്കാർക്ക് നടന്നു പോകുന്നതിനുള്ള വഴിവിട്ട് ബാക്കി സ്ഥലത്തെല്ലാം ചുറ്റും സംരക്ഷണ വേലി തീർത്ത് പൂച്ചെടികൾ വളർത്തും.

അതേ സമയം, നാലുവരി ദേശീയപാത മുറിച്ച് കടന്ന് ആളുകൾ കടന്നു പോകുന്ന പ്രധാന സെൻററായതിനാൽ ഫുട്ഓവർ ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യവും ശക്തമായുണ്ട്.

# വിവിധ മേഖലകളിൽ നിന്നുള്ളവരുമായി മുഖാമുഖം ജനകീയമാക്കണം: മന്ത്രി ശിവൻകുട്ടി

കൊല്ലം: നവകേരള സദസിൻറെ ഊർജം ഉൾക്കൊണ്ടു വിവിധ മേഖലകളിൽ നിന്നുള്ളവരുമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിക്കുന്ന മുഖാമുഖം പരിപാടി ജനകീയമാക്കണമെന്ന് മന്ത്രി വി. ശിവൻകുട്ടി. ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ ചേർന്ന മുഖാമുഖം പരിപാടിയുടെ സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.തൊഴിൽമേഖലയെ സംബന്ധിച്ച മുഖാമുഖം പരിപാടി 29 ന് കൊല്ലം ആശ്രാമം യൂനിസ് കൺവൻഷൻ സെൻററിൽ നടക്കും. വ്യത്യസ്ത മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ നിർദേശം സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾക്ക് നൽകി.

സംഘടിത അസംഘടിത പരമ്പരാഗത മേഖലകളിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും പ്രാതിനിധ്യം ഇതിന് ഉറപ്പാക്കും. തൊഴിലാളികളുടെ ഉന്നമനം, ക്ഷേമം എന്നീ രംഗങ്ങളിൽ സവിശേഷ സംഭാവനകൾ നൽകിയവരെയും തൊഴിലാളികളുടെ അധ്വാനം ലഘൂകരിക്കുന്നതിന് നൂതനമായ കണ്ടെത്തലുകൾ നടത്തിയവരെയും വിദഗ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രത്യേകം ക്ഷണിക്കും.

പരിപാടി രാവിലെ 9.30 ന് ആരംഭിച്ച് ഒന്നിന് അവസാനിക്കും. വ്യത്യസ്ത മേഖലകളെ പ്രതിനിധാനം ചെയ്യുന്നവരെ പ്രത്യേകമായാണ് മുഖാമുഖം പരിപാടി നടത്തുന്നത്. ആദ്യ ഘട്ടത്തിൽ പത്ത് മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വിദ്യാർഥികൾ, യുവജനങ്ങൾ, സ്ത്രീകൾ, ആദിവാസി ദളിത് വിഭാഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ, തൊഴിൽ മേഖലയിൽ ഉള്ളവർ, കർഷകർ, കർഷകത്തൊഴിലാളികൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിങ്ങനെയാണ് പത്ത് മേഖലകൾ.

# 18 ന് വിദ്യാർഥി സംഗമം കോഴിക്കോട് തുടങ്ങി മാർച്ച് മൂന്നിന് റസിഡൻസ് അസോസിയേഷൻറെ മുഖാമുഖം പരിപാടിയോടുകൂടിയാണ് സമാപനം

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തോളം പ്രതിനിധികളാണ് ഓരോ മുഖാമുഖം പരിപാടിയിലും പങ്കെടുക്കുക. മുഖ്യമന്ത്രിയുടെ ആമുഖ സംഭാഷണത്തിന് ശേഷം പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ചോദ്യങ്ങൾ ഉന്നയിക്കാനും അഭിപ്രായം പറയാനും അവസരമുണ്ട്. മുഖ്യമന്ത്രി ഇതിനെല്ലാം മറുപടി നൽകും.

ഓരോ മേഖലയിലും നടപ്പിലാക്കേണ്ട നൂതന ആശയങ്ങൾ എഴുതി സമർപ്പിക്കാനും അവസരമുണ്ട്. ഓരോ മേഖലയിൽ നിന്നുള്ള പ്രഗത്ഭരായ പത്തു വ്യക്തികൾ മുഖ്യമന്ത്രിയോടൊപ്പം വേദി പങ്കിടും.

യോഗത്തിൽ ടി.പി രാമകൃഷ്ണൻ എംഎൽഎ അധ്യക്ഷനായി. കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്.ജയമോഹൻ, വാസുകി , എം എൽ എ മാരായ എം. മുകേഷ്, എം. നൗഷാദ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.കെ ഗോപൻ, വിവിധ തൊഴിലാളി സംഘടനാ നേതാക്കൾ, രാഷ്ട്രീയപ്രവർത്തകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. മന്ത്രി വി. ശിവൻകുട്ടി ചെയർമാനായും മന്ത്രിമാരായ കെ.എൻ ബാലഗോപാൽ, ജെ. ചിഞ്ചു റാണി, കെ.ബി ഗണേഷ്കുമാർ, മേയർ പ്രസന്ന ഏണസ്റ്റ്, എംഎൽഎ മാരായ പി എസ് സുപാൽ, എം. മുകേഷ്, എം. നൗഷാദ്, ഡോ. സുജിത്ത് വിജയൻ പിള്ള, ജി.എസ് ജയലാൽ, കോവൂർ കുഞ്ഞുമോൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.കെ ഗോപൻ, മുൻ മന്ത്രി ജെ.മെഴ്സികുട്ടിയമ്മ, ഡെപ്യൂട്ടി മേയർ കൊല്ലം മധു, കെ. രാജഗോപാൽ, കെ എസ് എഫ് ഇ ചെയർമാൻ കെ. വരദരാജൻ, കപെക്സ് ചെയർമാൻ എം. ശിവശങ്കര പിള്ള, കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ജി ലാലു, ആർ വിജയകുമാർ എന്നിവർ രക്ഷാധികാരികളായും സൗരബ് ജെയിൻ ജനറൽ കൺവീനറായും സംഘാടക സമിതി രൂപീകരിച്ചു.

# വിദ്യാർഥികൾക്ക് പോസ്റ്റർ ഡിസൈൻ, ഹ്രസ്വചിത്ര മത്സരവുമായി പോലീസ്

പാലക്കാട്: ജില്ലാ പോലീസ്, പാലക്കാട് ഇൻസൈറ്റ് ദി ക്രിയേറ്റീവ് ഗ്രൂപ്പുമായി സഹകരിച്ച് സ്കൂൾ വിദ്യാർഥികൾക്കായി പോസ്റ്റർ ഡിസൈൻ, ഹ്രസ്വ ചിത്ര മത്സരങ്ങൾ സംഘടിപ്പിക്കും. മൊബൈൽ ഫോണുകളുടെ ദുരുപയോഗം എന്ന വിഷയത്തിലാണ് മത്സരം. എൻട്രികൾ ഓൺലൈനായി സമർപ്പിക്കാം. ലഹരി മുക്ത കലാലയം എന്ന വിഷയത്തിൽ മൊബൈൽ ഫോണിൽ ചിത്രീകരിച്ച അഞ്ച് മിനുട്ടിൽ കവിയാത്ത സൃഷ്ടികളാണ് ഹ്രസ്വ ചിത്ര മത്സരത്തിനായി പരിഗണിക്കുക. ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക് കാഷ് പ്രൈസും മെഡലും സാക്ഷ്യപത്രവും സമ്മാനിക്കും.

ഏറ്റവും മികച്ച 10 പോസ്റ്ററുകൾക്ക് മെഡലും സാക്ഷ്യപത്രവും അടങ്ങുന്ന പ്രോത്സാഹന സമ്മാനങ്ങൾ ലഭിക്കും. ഏറ്റവും നല്ല ഹ്രസ്വ ചിത്രത്തിന് കാഷ് പ്രൈസും മെഡലും സാക്ഷ്യപത്രവും സമ്മാനിക്കും. മികച്ച സംവിധായകൻ, തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, എന്നിവർക്ക് പ്രത്യേകം സമ്മാനങ്ങൾ നൽകും. ഒരു വിദ്യാർഥിക്ക് എത്ര എൻട്രികൾ വേണമെങ്കിലും സമർപ്പിക്കാം. ഓരോ എൻട്രിക്കും പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കണം. എൻട്രിയോടൊപ്പം സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രം കൂടി നൽകണം. സമർപ്പിക്കുന്ന സൃഷ്ടികൾക്കെല്ലാം പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് ലഭിക്കും.

അതതു വിഷയങ്ങളിലെ മൂന്ന് വീതം വിദഗ്ധർ അംഗങ്ങളടങ്ങുന്ന ജൂറിയാണ് വിജയികളെ തെരഞ്ഞെടുക്കുക. ഇന്ന് വൈകുന്നേരം അഞ്ചിനകം പോസ്റ്ററുകളും ഹ്രസ്വചിത്രങ്ങൾ 15നും നൽകണം. ഈ മാസം അവസാന വാരത്തിൽ നടത്തുന്ന പ്രത്യേക ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. ഫോൺ: 9747553642.

# ക്ഷയരോ ഗ മുക്ത ഏരൂർ പദ്ധതിക്ക് തുടക്കമായി

അഞ്ചൽ : ക്ഷയ രോഗ നിർമാർജനം ലക്ഷ്യമിട്ട് ഏരൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ക്ഷയ രോഗ മുക്ത ഏരൂർ പദ്ധതിക്ക് തുടക്കമായി. ഘട്ടം ഘട്ടമായി പഞ്ചായത്തിനെ പൂർണമായും ക്ഷയ രോഗ മുക്തമാക്കും. ഇതിനായി ആദ്യ ഘട്ടത്തിൽ പഞ്ചായത്ത് തലത്തിൽ ജനകീയ കൺവെൻഷൻ നടത്തി സംഘാടക സമിതി രൂപീകരിക്കും. തുടർന്ന് ടാസ്ക് ഫോഴ്സ് രൂപീകരണം, ചികിത്സ സഹായ സമിതി രൂപീകരണം, വാർഡ് തല കൺവൻഷനുകൾ, ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പ് അടക്കമുള്ളവ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കും. സർവീസ് സകരണ ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രസിഡൻറ് ജി അജിത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു.

ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് രാജി വി അധ്യക്ഷയായി. സ്ഥിരംസമിതി അധ്യക്ഷൻമാരായ ഷൈൻ ബാബു, ദിവ്യ ജയചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എസ്. ശോഭ, സന്ധ്യ ബിനു, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ റ്റി അജയൻ, ചിന്നു വിനോദ്, മഞ്ജുലേഖ, സുജിത അജി, എം.ബി നസിർ, അനുരാജ്, പൊതുപ്രവർത്തകരായ ഏരൂർ സുഭാഷ്, ലിനു മോൻ, അങ്കണവാടി, ആശാവർക്കർമാർ, കുടുംബശ്രീ, ഹരിതകർമ്മസേനാ പ്രവർത്തകർ തുടങ്ങി നിരവധിപേർ ചടങ്ങിൽ പങ്കെടുത്തു.

# അട്ടപ്പാടിയിൽ ചുനാവ് പാഠശാല രണ്ടാംഘട്ടത്തിനു തുടക്കം

പാലക്കാട്: ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ പോളിംഗ് ശതമാനം ഉയർത്തുന്നതിനായി ഇലക്ട്രറൽ ലിറ്ററസി ക്ലബിൻറെ നേതൃത്വത്തിൽ ചുനാവ് പാഠ ശാല (തെരഞ്ഞെടുപ്പ് ബോധവത്കരണ ക്ലാസ്) യുടെ രണ്ടാം ഘട്ടം പ്രാക്തനാ ഗോത്ര ഊരുകളിൽ തുടക്കമായി.

വോട്ടേഴ്സ് ലിസ്റ്റ് പരിശോധിക്കൽ, പുതിയ വോട്ടർമാരെ ചേർക്കൽ, തെരഞ്ഞെടുപ്പ് മെഷീൻറെ പരിചയപ്പെടുത്തൽ, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരും വോട്ടർമാരും തമ്മിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംശയ ദൂരീകരണം എന്നിവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

അട്ടപ്പാടിയിലെ മറ്റ് ഗോത്ര ഊരുകളിൽ ക്ലബ്ബിൻറെ നേതൃത്വത്തിൽ കഴിഞ്ഞ ഒക്ടോബർ മാസം ആരംഭിച്ചിരുന്നു.

പാലക്കാട് ജില്ലാ സ്വീപ്പ് നോഡൽ ഓഫീസറും അസിസ്റ്റൻറ് കളക്ടറുമായ ഒ.വി. ആൽഫ്രഡിൻറെ നേതൃത്വത്തിലാണ് ബോധവത്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.അട്ടപ്പാടിയിലെ ഏറ്റവും വിദൂര സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പുതുർ പഞ്ചായത്തിലെ ഇടവാണി, മേലെ ഭൂതയാർ എന്നിവിടങ്ങളിലാണ് തുടക്കം കുറിച്ചത്. ഇടവാണി ഊരിൽ നടന്ന ചടങ്ങിൽ ഊര് മൂപ്പൻ കാളി അധ്യക്ഷനായി.

പാലക്കാട് ജില്ലാ അസിസ്റ്റൻറ് കളക്ടർ ഒ.വി. ആൽഫ്രഡ് ചുനാവ് പാഠശാല ഉദ്ഘാടനം ചെയ്തു. ഊര് വണ്ടാരി പണലി, മണ്ണാർക്കാട് താലൂക്ക് ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി തഹസിൽദാർ എം.ജി. മജു, ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് ജില്ലാ മാസ്റ്റർ ട്രെയിനർ ടി. സത്യൻ, ഹെഡ്മാസ്റ്റർ ജോസഫ് ആൻറണി പ്രസംഗിച്ചു.

# ജപ്തി നടപടികൾ രണ്ടാം ദിവസവും തടഞ്ഞു

കരിക്കോട്ടക്കരി : ആനപ്പന്തി സർവീസ് സഹകരണ ബാങ്ക് ജപ്തി ലേല നടപടികൾ രണ്ടാം ദിവസവും തടഞ്ഞ് രാഷ്ട്രീയ കിസാൻ മഹാസംഘ്. ഇരിട്ടി സഹകരണ സംഘം അസി. രജിസ്ട്രാർ കോടതിയിലെ സ്പെഷ്യൽ ഓഫീസർ വഴി ബാങ്ക് കരിക്കോട്ടക്കരി വില്ലേജ് ഓഫീസിൽ വച്ച് നടത്തിയ ജപ്തി ലേല നടപടികളാണ് ഇന്നലെയും തടഞ്ഞത്.ലേലത്തിന് വച്ചിരുന്ന വസ്തുക്കളിൽ ഭൂരിഭാഗവും കിടപ്പാടം ഉൾപ്പെടുന്ന വസ്തുക്കളായിരുന്നു. രാഷ്ട്രീയ കിസാൻ മഹാസംഘ് ജില്ലാ നേതാക്കളായ ദേവസ്യ വൈദ്യർ, മാത്യു മുണ്ടിയാനി, വർഗീസ് വൈദ്യർ, വത്സമ്മ ദേവസ്യ, സന്തോഷ് ടി. കെ., ബാലൻ മാവേലി, സ്കറിയ ഇടശേരിമറ്റം, ഡെയ്സി പി.എ, തങ്കച്ചൻ കെ.വി., ബെന്നി പി. എന്നിവരുടെ നേതൃത്വത്തിലാണ് ജപ്തി നടപടികൾ തടഞ്ഞത്. അഡ്വ. മനോജ് എം. കണ്ടത്തിൽ സമരക്കാരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പ്രതിഷേധത്തെത്തുടർന്ന് ജപ്തിനടപടികൾ നിർത്തിവച്ചതായി ബന്ധപ്പെട്ടവർ അറിയിച്ചു. ഇതിനു ശേഷമാണ് പ്രതിഷേധക്കാർ മടങ്ങിയത്.

# സർട്ടിഫിക്കറ്റ് കോഴ്സ് സമ്പർക്ക ക്ലാസ്

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെൻ്ററി സ്റ്റഡി സെൻ്റർ (പി.എസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെൻ്ററി പ്രാക്ടീസ് ആൻഡ് പ്രൊസിജിയറിൻ്റെ പത്താമത് ബാച്ചിൻ്റെ തിരുവനന്തപുരം കേന്ദ്രത്തിലെ ആദ്യ സമ്പർക്ക ക്ലാസ് 10, 11 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 5.15 വരെ നടക്കും. കൂടുതൽ വിവരങ്ങൾ ഫോൺ: 04712512662/2453/2670.ലഭിക്കും.

# നെന്മാറ മേഖലയിൽ വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി

നെന്മാറ: സംസ്ഥാന ബജറ്റിൽ നെന്മാറ മേഖലയിലെ വിവിധ വികസന പദ്ധതികൾക്കായി തുക വകയിരുത്തി.

നെല്ലിയാമ്പതി റസ്റ്റ് ഹൗസ് നിർമാണത്തിനു 10 കോടി, നെന്മാറ റസ്റ്റ് ഹൗസിനും കാൻറീനുമായി അഞ്ചു കോടി, പേഴുംപാറ മരുതഞ്ചേരി റോഡിനു അഞ്ചുകോടി, നെന്മാറ സബ് രജിസ്റ്റർ ഓഫീസ് പുതിയ കെട്ടിടത്തിനു അഞ്ചു കോടി. തിരുവഴിയാട് പുഴപ്പാലത്തിനു അഞ്ചുകോടി എന്നിങ്ങനെയാണ് വകയിരുത്തിയിരിക്കുന്നത്.

നെന്മാറ ബോയ്സ് ഹൈസ്കൂൾ കളിസ്ഥലം നവീകരിക്കുന്നതിനു രണ്ടു കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചു. റോഡ് നവീകരണം നടക്കുന്ന നെന്മാറഒലിപ്പാറ റോഡിലെ തിരുവഴിയാട് പാലത്തിനു തുക വകയിരുത്തിയത് 70 വർഷം പഴക്കമുള്ള പാലത്തിനു പകരം പുതിയ പാലത്തിനു വഴിയൊരുങ്ങി.

ഈ റോഡിലെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പാലത്തിനു തുക ഇല്ലാതിരുന്നത് ആശങ്കപ്പെടുത്തിയിരുന്നു. റസ്റ്റ് ഹൗസ് ഇല്ലാതിരുന്ന നെല്ലിയാമ്പതിയിൽ പത്തു കോടി രൂപ ചെലവിൽ പുതിയ റസ്റ്റ് ഹൗസ് നിർമാണവും നെല്ലിയാമ്പതി ടൂറിസം വികസനത്തിനു പുതിയ ഉണർവേകും.

വർഷങ്ങളായി തകർന്നു കിടക്കുന്ന പേഴുംപാറ മരുതഞ്ചേരി റോഡിന് അഞ്ചുകോടി വകയിരുത്തിയതും കരിമ്പാറ വഴിയുള്ള ഗതാഗത ദുരിതത്തിനു ആശ്വാസമേകും.

പോത്തുണ്ടി, മീങ്കര, ചുള്ളിയാർ ടൂറിസം വികസനത്തിനു 20 കോടി രൂപ വകയിരുത്തിയതും മേഖലയിലെ ടൂറിസം വികസനത്തിനു പ്രതീക്ഷയേകുന്നു.

# അസിസ്റ്റൻ്റ് പ്രൊഫസർ കരാർ നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ അസിസ്റ്റൻ്റ് പ്രൊഫസർ ഇൻഫെക്ഷ്യസ് ഡിസീസ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇൻ്റർവ്യൂ നടത്തും. പ്രതിമാസ വേതനം 70,000 രൂപ. ഫെബ്രുവരി 15ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജ് പ്രിൻസിപ്പലിൻ്റെ കാര്യാലയത്തിലാണ് ഇൻ്റർവ്യൂ നടക്കുന്നത്. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളിൻ്റെ ഓഫീസിൽ നിശ്ചിത സമയത്ത് ഹാജരാകണം.

## വൈഎംസിഎ പുനലൂർ സബ് റീജിയൻ സ്നേഹ സന്ദേശയാത്ര സമാപിച്ചു

കൊട്ടാരക്കര: വൈഎംസിഎ പുനലൂർ സബ് റീജിയൻറെ നേതൃത്വത്തിൽ കുളത്തൂപ്പുഴ വൈഎംസിഎയിൽ നിന്നാരംഭിച്ച് മേഖലയിലെ 19 യൂണിറ്റുകൾ സന്ദർശിച്ച് രണ്ടുദിവസമായി നടന്ന സ്നേഹ സന്ദേശ യാത്ര കരിക്കം വൈഎംസിഎയിൽ സമാപിച്ചു. സമാപന സമ്മേളനം അഖിലേന്ത്യ നിർവാഹക സമിതി മുൻ അംഗം കെ.ഒ. രാജുക്കുട്ടി ഉദ്ഘാടനം ചെയ്തു.

ഐപ്പള്ളൂർ സെൻറ് ജോർജ് ശാലേം ഓർത്തഡോക്സ് പള്ളി വികാരി ഫാ.സാജൻ തോമസ് അനുഗ്രഹ പ്രഭാഷണം നടത്തി.

സബ് റീജിയൻ ചെയർമാൻ സഖറിയ വർഗീസ് അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ ഡോ.എബ്രഹാം മാത്യു, വൈസ് ചെയർമാൻ മാത്യു വർഗീസ്, കെ. ബാബുക്കുട്ടി, സി.പി. ശാമുവേൽ, കെ.കെ. അലക്സാണ്ടർ, ജോസ് ഫിലിപ്പ്, എം.തോമസ് പൈനുംമൂട്ടിൽ, ഒ. അച്ചൻ കുഞ്ഞ്, പി.വൈ. തോമസ്, പി.എം.ജി. കുരാക്കാരൻ, ഡാനിയേൽ കനകക്കുന്ന് എന്നിവർ പ്രസംഗിച്ചു.

## സാമ്പത്തിക പ്രതിസന്ധി: ബജറ്റിലെ പ്രഖ്യാപനങ്ങൾക്ക് ഏറെയും ടോക്കൺ തുക മാത്രം

പത്തനംതിട്ട: സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രഖ്യാപനങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളവ പ്രാവർത്തികമാകുമോയെന്ന് ആശങ്ക. ടോക്കൺ തുക വകയിരുത്തിയുള്ള പ്രഖ്യാപനങ്ങൾ നടപ്പാക്കാനുള്ളവയല്ലെന്ന ആക്ഷേപവുമായി പ്രതിപക്ഷം രംഗത്തെത്തി.

എന്നാൽ, ബജറ്റിൽ ഇടം നേടിയ പദ്ധതികളെ കൃത്യമായി പിന്തുടർന്നാൽ ഏറ്റെടുത്തു നടപ്പാക്കാനാകുമെന്ന് ഭരണപക്ഷ നേതാക്കൾ പറഞ്ഞു. സംസ്ഥാന ബജറ്റിനെത്തുടർന്ന് അതാത് എംഎൽഎമാർ മണ്ഡല പരിധിയിൽ എടുത്തുകാട്ടിയ പദ്ധതികൾ ഏറെയും 100 രൂപ ടോക്കൺ തുക നൽകി ഉൾപ്പെടുത്തിയിട്ടുള്ളവയാണെന്ന ആക്ഷേപം ഉയർന്നതിനു പിന്നാലെയാണ് പുതിയ വിവാദങ്ങൾ ഉയർന്നുവരുന്നത്.

ടോക്കൺ തുകയുള്ള പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തുക അനുവദിച്ചതായി കാണിച്ച് പലരും എംഎൽഎമാർ അവകാശവാദങ്ങൾ നടത്തിയിരിക്കുകയാണെന്ന് പ്രതിപക്ഷ നിരയിലെ മുൻ എംഎൽഎമാർ പറയുന്നു.

## നവകേരള സദസിൽ ഉയർന്ന പദ്ധതികൾക്ക് ആയിരം കോടി രൂപ: മന്ത്രി പി. പ്രസാദ്

ആലപ്പുഴ: നവകേരള സദസിൽ എന്താണു നടക്കുന്നതെന്ന് ആശങ്കയുണ്ടായവർക്ക് ഇപ്പോൾ കാര്യങ്ങൾ മനസിലായിവരുന്നുണ്ടെന്ന് കൃഷിമന്ത്രി പി. പ്രസാദ്. നവകേരള സദസിലെ ഓരോ മണ്ഡലത്തിൽനിന്നും ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതി നടപ്പിലാക്കുന്നതിനായി ആയിരം കോടി രൂപ സർക്കാർ നീക്കിവച്ചു.

നവകേരള സദസിൻറെ തുടർച്ചയായി കാർഷികമേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും അതുമായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതിൻറെ ഭാഗമായി മുഖ്യമന്ത്രിതന്നെ നേരിട്ട് പങ്കെടുക്കുന്ന ജില്ലയിലെ മുഖാമുഖം പരിപാടിയുടെ സംഘാടകസമിതിയോഗം ആലപ്പുഴ എസ്ഡിവി സെൻറിനറി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നവകേരള സദസ് സാധാരണ ജനങ്ങളുടെ അപേക്ഷകൾക്ക് വിഐപി പരിഗണന നൽകിയതായി മന്ത്രി പറഞ്ഞു. സദസിൽ ലഭിച്ച എല്ലാ പരാതികളിലും സാധ്യമായ തീർപ്പാക്കൽ തുടരുകയാണ്. ഇതിനായി ഒരു മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനെ ഓരോ ജില്ലയ്ക്കായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ക്ഷേത്രം പൊളിച്ചാണ് ഔറംഗസേബ് മോസ്ക് നിർമിച്ചത്; ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ

ന്യൂഡൽഹി: മുഗൾ ഭരണാധികാരിയായിരുന്ന ഔറംഗസേബ് കേശവദേവ് ക്ഷേത്രം തകർത്താണ് മോസ്ക് നിർമിച്ചതെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ. വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്കായിരുന്നു എഎസ്ഐയുടെ മറുപടി.

ഉത്തർപ്രദേശിലെ മെയിൻപുരി സ്വദേശിയായ അജയ് പ്രതാപ് സിംഗാണ് വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾ ഉന്നയിച്ചത്. ഔറംഗസീബ് നിലവിലുള്ള ക്ഷേത്രം തകർത്ത് മോസ്ക് പണിതതാണെന്നാണ് ഹിന്ദു ഗ്രൂപ്പുകൾ വാദിക്കുന്നത്. ശ്രീകൃഷ്ണൻറെ ജന്മസ്ഥലമാണ് ഇതെന്നും അവർ അവകാശപ്പെടുന്നു.

കൃഷ്ണ ജന്മഭൂമിഷാഹി ഈദ്ഗാ മസ്ജിദ് തർക്കത്തിൽ ഈ കണ്ടെത്തൽ നിർണായകമാണ്. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വിവരാവകാശ മറുപടി ഉപയോഗിക്കുമെന്നും ശ്രീകൃഷ്ണ ജന്മഭൂമി മുക്തി ന്യാസ് പ്രസിഡൻറ് മഹേന്ദ്ര പ്രതാപ് സിംഗ് പ്രതികരിച്ചു.

## യുപിയിൽ വിരമിച്ച പോലീസുദ്യോഗസ്ഥൻ വെടിവച്ച് ജീവനൊടുക്കി

ലക്നോ: യുപിയിൽ 73 കാരനായ വിരമിച്ച പോലീസ് ഉദ്യോഗസ്ഥൻ വെടിവച്ച് ജീവനൊടുക്കി. ലക്നോവിലെ ഗുഡുംബ മേഖലയിലാണ് സംഭവം. കൈലാഷ് ചന്ദ് എന്നയാളാണ് മരിച്ചത്. 2010ൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് സ്ഥാനത്ത് നിന്ന് വിരമിച്ചയാളാണ് കൈലാഷ് ചന്ദ്. ലൈസൻസുള്ള റിവോൾവർ ഉപയോഗിച്ച് നെഞ്ചിൽ സ്വയം വെടിവച്ച് മരിക്കുകയായിരുന്നു ഇയാൾ.

കൈലാഷ് ചന്ദിന് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നു, അത് മൂലം അദ്ദേഹം കടുത്ത മാനസിക സമ്മർദ്ദത്തിലായിരുന്നു, അതിനാൽ ആത്മഹത്യ ചെയ്തതാണെന്ന് അഡീഷണൽ ഡിസിപി (നോർത്ത്) അഭിജിത്ത് ആർ. ശങ്കർ പറഞ്ഞു. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയച്ചിരിക്കുകയാണ്.

## ബംഗളൂരുവിൽ വീട്ടിൽ അതിക്രമിച്ച് കയറി വെടിയുതിർത്ത മുൻ സൈനികൻ പിടിയിൽ

ബംഗളൂരു: മദ്യലഹരിയിൽ സുഹൃത്തിൻറെ വീട്ടിൽ അതിക്രമിച്ച് കയറി വെടിയുതിർത്ത മുൻ സൈനികൻ പിടിയിൽ. ചൊവ്വാഴ്ച ബംഗളൂരുവിലെ അബിഗറിലാണ് സംഭവം. പരശുറാം (65) ആണ് പോലീസിൻറെ പിടിയിലായത്.

സുഹൃത്തിൻറെ മകൻ സൂരജിൻറെ വീട്ടിൽ എത്തിയാണ് പരശുറാം പ്രകോപനം ഉണ്ടാക്കിയത്. പരശുറാമും സൂരജിൻറെ കുടുംബവുമായി കുറച്ചുനാളായി അകൽച്ചയിൽ ആയിരുന്നു എന്ന് പോലീസ് പറഞ്ഞു. മദ്യപിച്ച് എത്തിയ പരശുറാമിനെ വീട്ടിൽ കയറുന്നത് സൂരജും പിതാവും ചേർന്ന് തടഞ്ഞതോടെയാണ് ഇയാൾ ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വീടിനുള്ളിലേയ്ക്ക് വെടിവച്ചത്. തുടർന്ന് പോലീസ് എത്തി ഇയാളെ അറസ്റ്റ്ചെയ്യുകയായിരുന്നു.

## വേഗത്തിൽ 150 വിക്കറ്റ്; റിക്കാർഡ് നേട്ടവുമായി ബുംറ

വിശാഖപട്ടണം: ഇംഗ്ലണ്ടിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ മികച്ച പ്രകടനം കാഴ്ചവച്ച ജസ്പ്രീത് ബുംറ റിക്കാർഡ് ബുക്കിൽ ഇടംപിടിച്ചു. ഏറ്റവും വേഗത്തിൽ 150 ടെസ്റ്റ് വിക്കറ്റുകൾ തികയ്ക്കുന്ന ആദ്യ ഇന്ത്യക്കാരനായി ബുംറ.

എറിഞ്ഞ പന്തുകളുടെയും മാച്ചുകളുടെയും അടിസ്ഥാനത്തിലാണ് റിക്കാർഡ് നേട്ടത്തിൽ ബുംറയെത്തിയത്. മുപ്പത്തിനാലാമത്തെ മത്സരത്തിലാണ് താരം 150 വിക്കറ്റുകൾ സ്വന്തമാക്കിയത്. മുപ്പത്തിയഞ്ച് മത്സരങ്ങൾക്കുള്ളിൽ 150 ടെസ്റ്റ് വിക്കറ്റുകൾ നേടുന്ന ആദ്യ ഇന്ത്യൻ പേസറാണ് ബുംറ. നിലവിൽ 152 ടെസ്റ്റ് വിക്കറ്റുകൾ ബുംറ നേടിക്കഴിഞ്ഞു.

6781 പന്തുകളിലാണ് ബുംറയുടെ 150 വിക്കറ്റ് നേട്ടം. 7661 പന്തുകളിൽ 150 വിക്കറ്റ് നേടിയ ഉമേഷ് യാദവാണ് രണ്ടാമത്. ഷമി 7755 പന്തുകളിലും കപിൽ ദേവ് 8378 പന്തുകളിലുമാണ് ഈ നേട്ടം കൈവരിച്ചത്.

ഒരു ടെസ്റ്റിൽ എതിർടീമിൻറെ മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും ആറാമത്തെയും ബാറ്റർമാരുടെ വിക്കറ്റ് നേടുന്ന രണ്ടാമത്തെ ഇന്ത്യൻ താരമാകാനും ബുംറയ്ക്കായി. 1983ൽ വെസ്റ്റ് ഇൻഡീസിനെതിരേ കപിൽദേവ് ഇത്തരത്തിൽ പുറത്താക്കൽ നടത്തിയിരുന്നു.

## കൗമാരക്കാരിയെ മാനഭംഗത്തിനിരയാക്കി കഴുത്തുഞെരിച്ചു കൊന്നു; സഹോദരൻ അറസ്റ്റിൽ

കസഗഞ്ച് (യുപി): കൗമാരക്കാരിയെ മാനഭംഗത്തിനിരയാക്കിയ ശേഷം കഴുത്തുഞെരിച്ചുകൊലപ്പെടുത്തിയ സഹോദരൻ അറസ്റ്റിൽ. യുപിയിലെ കസഗഞ്ചിലാണ് ഞെട്ടിക്കുന്ന സംഭവം നടന്നത്.

കഴിഞ്ഞ ശനിയാഴ്ച വീട്ടിൽ സഹോദരങ്ങൾ തനിച്ചായിരുന്ന സമയത്താണ് സംഭവം. 17കാരിയായ പെൺകുട്ടി ഉറങ്ങിക്കിടവേ അശ്ലീല വീഡിയോ കണ്ട ശേഷമെത്തിയ സഹോദരൻ മാനഭംഗത്തിനിരയാക്കുകയായിരുന്നു. തുടർന്ന് സംഭവം സഹോദരി പുറത്തുപറയുമെന്ന് ഭയന്ന് പ്രതി പെൺകുട്ടിയെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയ ശേഷം വീട്ടിൽ നിന്ന് രക്ഷപ്പെട്ടു.

തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. ഇയാളുടെ പക്കൽ നിന്ന് മൊബൈൽ ഫോൺ കണ്ടെടുത്തു. പ്രതി കുറ്റം സമ്മതിച്ചുവെന്നും ഫോണിൽ നിന്ന് നിരവധി അശ്ലീല വീഡിയോകൾ കണ്ടെത്തിയെന്നും കസഗഞ്ച് പോലീസ് സൂപ്രണ്ട് അർപ്പണ രജത് കൗശിക് അറിയിച്ചു.

## ഹിറ്റ് ആൻഡ് റൺ നിയമത്തിനെതിരേ ഡ്രൈവർമാർ ഒപ്പു ശേഖരണം നടത്തി

ഇരിട്ടി: ഹിറ്റ് ആൻഡ് റൺ എന്ന നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഓൾ ഇന്ത്യ മോട്ടോർ കോൺഫെഡറേഷൻറെ ആഭിമുഖ്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് ഭീമ ഹർജി നൽകും. ഇതിൻറെ ഭാഗമായുള്ള ഒപ്പു ശേഖരണത്തിൻറെ ഇരിട്ടി ഏരിയാതല ഉദ്ഘാടനം ഐടിയു ഇരിട്ടി ഏരിയാ സെക്രട്ടറി ഇ.എസ്. സത്യൻ നിർവഹിച്ചു. അഖിലേന്ത്യാ കമ്മിറ്റിയംഗം പി. ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഓട്ടോറിക്ഷ തൊഴിലാളി യൂണിയൻ ഏരിയ സെക്രട്ടറി കെ.സി. സുരേഷ് ബാബു, ബാബു കുര്യാക്കോസ്, സി.സി. വത്സൻ, എം.വി. ജോൺ, കെ.വി. അനീഷ് എന്നിവർ പ്രസംഗിച്ചു.

ഹിറ്റ് ആൻഡ് റൺ നിയമം ഡ്രൈവർമാരെ കൽത്തുറങ്കിലടക്കുന്ന കരിനിയമമാണെന്നും ഇത് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടാണ് ഓൾ ഇന്ത്യ മോട്ടോർ കോൺഫെഡറേഷൻ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് ഹർ

## ഗവർണർക്കു സ്വീകരണം നൽകുന്ന പരിപാടിക്ക് എത്താത്ത വിദ്യാർഥികളെ പരീക്ഷ എഴുതിക്കില്ലെന്ന്

ചെന്നൈ: ഗവർണർക്കു സ്വീകരണം നൽകുന്ന പരിപാടിക്ക് എത്താത്ത വിദ്യാർഥികളെ പരീക്ഷ എഴുതിക്കില്ലെന്നു നഴ്സിങ് കോളജ് പ്രിൻസിപ്പലിൻറെ ശബ്ദരേഖ പുറത്ത്. ബിജെപി പ്രാദേശിക നേതാവിൻറെ ഉടമസ്ഥതയിലുള്ള കോളജിലാണ് സംഭവം.

അവധി ദിവസമായ ഞായറാഴ്ച വിദ്യാർഥികൾ കോളജിലെത്തണമെന്നാണ് പ്രിൻസിപ്പൽ നിർദേശിച്ചത്. വിദ്യാർഥികളെ കൊണ്ടുപോകാൻ സംഘാടകർ വാഹന സൗകര്യം ഒരുക്കുമെന്നും പ്രിൻസിപ്പൽ അറിയിച്ചിരുന്നു.

നേരത്തെ, അണ്ണാ സർവകലാശാലയിൽ ഗവർണർ പങ്കെടുത്ത പരിപാടിക്ക് എത്താതിരുന്ന വിദ്യാർഥികൾക്ക് ഹാജർ നൽകില്ലെന്ന ഉത്തരവ് വിവാദമായിരുന്നു.

# റോഡിലെ അശാസ്ത്രീയത: ദിശാബോർഡില്ലാത്ത സർവീസ് റോഡില് വീണ്ടും അപകടം

വടക്കഞ്ചേരി: തൃശൂർ പാലക്കാട് ദേശീയപാതയിൽ മംഗലം പാലത്തിനടുത്ത് പാലക്കാട് ലൈനിൻറെ ഇടതുഭാഗത്തു സർവീസ് റോഡിൻറെ തുടക്കത്തിൽ നിയന്ത്രണം വിട്ട കണ്ടെയ്നർ ലോറി കൈവരികൾ തകർത്ത് നിർത്തിയിട്ടിരുന്ന മറ്റൊരു കണ്ടെയ്നറിൽ ഇടിച്ച് തകർന്നു.

കഴിഞ്ഞ ദിവസം രാത്രിയായിരുന്നു അപകടം. ആർക്കും കാര്യമായ പരിക്കില്ല. റോഡ് സൈഡിലെ 20 മീറ്റർ ദൂരത്തെ കൈവരികൾ തകർത്താണ് കണ്ടെയ്നർ ലോറി സർവീസ് റോഡിലേക്കു ചാടിയത്.തകർന്ന ഇരുമ്പുബാറുകൾ കണ്ടെയ്നറിനടിയിൽ കുടുങ്ങി. പിന്നീട് ഗ്യാസ് കട്ടർ എത്തിച്ച് കണ്ടെയ്നറുകൾക്കടിയിൽ കുടുങ്ങിയ ഇരുമ്പ് ബാറുകൾ മുറിച്ചുമാറ്റുകയായിരുന്നു.

ദേശീയപാത വഴി തൃശൂർ ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ മംഗലം ഗോവിന്ദാപുരം, നെന്മാറ, മംഗലംഡാം തുടങ്ങിയ സ്ഥലങ്ങളിലേക്ക് തിരിഞ്ഞു പോകുന്നത് ഈ സർവീസ് റോഡ് വഴിയാണ്. എന്നാൽ ഇവിടെ ദിശാബോർഡില്ല. ഇതു ദൂരയാത്രക്കാരെ വട്ടം കറക്കാൻ കാരണമാകുന്നതായി നിരവധി പരാതികളുണ്ട്. നേരത്തെയുണ്ടായിരുന്ന ദിശാബോർഡ് ഏതോ വാഹനമിടിച്ച് തകർന്നിരുന്നു. ബോർഡ് പുനഃസ്ഥാപിച്ചില്ല.

ഇതുമൂലം ദൂരസ്ഥലത്തു നിന്നും വാഹനം ഓടിച്ചു വരുന്നവർ നെന്മാറ റോഡിലേക്ക് പോകാനുള്ള വഴിയറിയാതെ വീണ്ടും മൂന്ന് കിലോമീറ്റർ മുന്നോട്ടു പോയി അണക്കെപ്പാറയിലെ യു ടേൺ തിരിഞ്ഞു വരേണ്ട സ്ഥിതിയുണ്ട്.

അണക്കപ്പാറയിലും കൃത്യമായ സൂചന ബോർഡ് ഇല്ലാത്തതിനാൽ പത്ത് കിലോമീറ്റർ പിന്നേയും വാഹനം ഓടിച്ച് ആലത്തൂരിലെത്തി തിരിച്ചു വരുന്നവരും കുറവല്ല.

സർവീസ് റോഡിൻറെ തുടക്കത്തിൽ ബോർഡ് പുനഃസ്ഥാപിക്കാതെ സർവീസ് റോഡ് കടന്ന് അണ്ടർ പാസിനടുത്താണ് ഇപ്പോൾ പൊള്ളാച്ചി എന്ന സൈൻബോർഡ് ഉള്ളത്.

പത്തടിയിലേറെ ഉയരത്തിൽ ദേശീയപാത വഴി കടന്നു പോകുന്ന വാഹനങ്ങൾക്ക് ഈ ബോർഡ് കാണാനുമാകില്ല. സർവീസ് റോഡിൻറെ തുടക്കത്തിൽ ഡ്രൈവർമാർക്ക് ദൂരെ നിന്നു തന്നെ കാണുന്ന വിധം ഉയരത്തിൽ ബോർഡ് സ്ഥാപിക്കണമെന്നാണ് ആവശ്യം.

നേരത്തെ മംഗലം പാലം എത്തും മുമ്പേ യു ടേൺ ഉണ്ടായിരുന്നതിനാൽ വാഹനങ്ങൾ അതുവഴിയാണ് നെന്മാറ സംസ്ഥാന പാതയിലേക്ക് പ്രവേശിച്ചിരുന്നത്. എന്നാൽ നിലയ്ക്കാത്ത അപകടങ്ങളെ തുടർന്ന് ഈ യു ടേൺ അടക്കുകയായിരുന്നു. മംഗലം പാലത്തിനടുത്ത് പാതയുടെ മധ്യത്തിലെ ഡിവൈഡറിൽ കാഴ്ച മറക്കും വിധം ഉയരത്തിലുള്ള പൂച്ചെടികളും മറ്റും വെട്ടി മാറ്റണമെന്ന ആവശ്യവും ശക്തമാണ്.

പാലക്കാട് ലൈനിൽ ബസിറങ്ങി പാത മുറിച്ചു കടക്കുന്ന കാൽ നടയാത്രക്കാരാണ് ദൂര കാഴ്ച തടസപ്പെട്ട് ഇവിടെ അപകടത്തിൽപ്പെടുന്നത്.

# കേരള റവന്യൂ ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം കൊല്ലത്ത് എട്ട് മുതൽ

കൊല്ലം: കേരള റവന്യൂ ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം എട്ട്, ഒമ്പത്, 10 തീയതികളിൽ കൊല്ലത്ത് നടക്കും. എട്ടിന് വൈകിട്ട് മൂന്നിന് വിളംബര ജാഥ കൊല്ലം സിവിൽ സ്റ്റേഷനിൽ നിന്നും ആരംഭിച്ച് ചിന്നക്കടയിൽ സമാപിക്കും. 4.30ന് ചിന്നക്കടയിൽ പൊതുസമ്മേളനം സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എംപി ഉദ്ഘാടനം ചെയ്യും. സ്വാഗത സംഘം ചെയർമാൻ അഡ്വ. പി എസ് സുപാൽ എംഎൽഎ അധ്യക്ഷത വഹിക്കും. സിപിഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി പി പി സുനീർ മുഖ്യപ്രഭാഷണം നടത്തും. കലാകായിക മത്സര വിജയികളെ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അനുമോദിക്കും. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ആർ രാജേന്ദ്രൻ, ജോയിന്റ് കൗൺസിൽ ചെയർമാൻ കെ ഷാനവാസ്ഖാൻ, കെആർഡിഎസ്എ ജനറൽ സെക്രട്ടറി എം എം നജീം, എസ് സജീവ്, സുകേശൻ ചൂലിക്കാട്, ജില്ലാ പ്രസിഡന്റ് ജെ ജെ സതീഷ് എന്നിവർ സംസാരിക്കും.

ഒമ്പതിന് സി കേശവൻ സ്മാരക ടൗൺ ഹാളിൽ രാവിലെ 10ന് പ്രതിനിധി സമ്മേളനം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് പി ശ്രീകുമാർ അദ്ധ്യക്ഷത വഹിക്കും. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കെ ആർ ചന്ദ്രമോഹനൻ, ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ, എം എസ് സുഗൈതകുമാരി, എൻ കൃഷ്ണകുമാർ, ആർ രാജീവ് കുമാർ, കെ വിനോദ്, എം എസ് അനിൽകുമാർ എന്നിവർ സംസാരിക്കും.

വൈകിട്ട് മൂന്നിന് നടക്കുന്ന സാംസ്കാരിക സമ്മേളനം മുൻ മന്ത്രി മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്യും. ആർ സിന്ധു അധ്യക്ഷത വഹിക്കും. സിനിമാസീരിയൽ താരം എൻ കെ കിഷോർ മുഖ്യ പ്രഭാഷണം നടത്തും. കെ മുകുന്ദൻ, നരേഷ്കുമാർ കുന്നിയൂർ, സി എ അനീഷ്, എം ജെ ബെന്നിമോൻ എന്നിവർ പങ്കെടുക്കും. രാത്രി ഏഴ് മുതൽ നാടൻ പാട്ടും കലാപരിപാടികളും.

10ന് രാവിലെ 10ന് 'ഭൂപരിഷ്കരണം സൃഷ്ടിച്ച സാമൂഹ്യ വിപ്ലവം' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ സിപിഐ ദേശീയ എക്സിക്യൂട്ടീവ് അംഗം അഡ്വ. കെ പ്രകാശ് ബാബു ഉദ്ഘാടനം ചെയ്യും. ഓൾ ഇന്ത്യാ സ്റ്റേറ്റ് ഗവ. എംപ്ലോയീസ് കോൺഫഡറേഷൻ ജനറൽ സെക്രട്ടറി സി ആർ ജോസ് പ്രകാശ് വിഷയാവതരണം നടത്തും. എസ് പി സുമോദ് അദ്ധ്യക്ഷത വഹിക്കും. എംഎൽഎമാരായ എം നൗഷാദ്, പി സി വിഷ്ണുനാഥ്, ജോയിന്റ് കൗൺസിൽ ട്രഷറർ കെ പി ഗോപകുമാർ, പി എ സന്തോഷ് കുമാർ, ജി സജീബ് കുമാർ, യു സിന്ധു, വി എച്ച് ബാലമുരളി, കെ ജി ഗോപകുമാർ എന്നിവർ സംസാരിക്കും.

പൂർവ സാരഥീ സംഗമം മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. മുൻകാല സംഘടനാ നേതാക്കളെ ആദരിക്കും. കെആർഡിഎസ്എ സംസ്ഥാന വൈസ് പ്രഡിഡന്റ് ബിന്ദു രാജൻ അധ്യക്ഷത വഹിക്കും.

# മദ്യനയ കേസിൽ കെജരിവാൾ നേരിട്ട് കോടതിയിൽ ഹാജരാകാൻ നിർദേശം

ന്യൂഡൽഹി: മദ്യനയ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ നേരിട്ട് ഹാജരാകണമെന്ന് റോസ് അവന്യു കോടതി.

കെജരിവാൾ ചോദ്യംചെയ്യലിന് ഹാജരാകാത്തത് ചൂണ്ടിക്കാട്ടി ഈഡി നൽകിയ ഹർജിയിലാണ് കോടതിയുടെ ഉത്തരവ്. 17 ന് നേരിട്ട് ഹാജരാകാനാണ് കോടതി നിർദേശിച്ചിട്ടുള്ളത്. തുടർന്ന് കെജരിവാളിൻറെ വാദം കേട്ടശേഷം ഹർജിയിൽ തീരുമാനം എടുക്കാം എന്നും കോടതി വ്യക്തമാക്കി. ഇത് സംസബംന്ധിച്ച് അദ്ദേഹത്തിന് കോടതി സമൻസ് അയച്ചതായാണ് വിവരം. അഞ്ച് തവണ ചോദ്യംചെയ്യലിന് ഹാജരാകണം എന്ന് ആവശ്യപ്പെട്ട് കെജരിവാളിന് സമൻസ് നൽകിയതായി ഈഡി കോടതിയെ അറിയിച്ചു. എന്നാൽ ചോദ്യംചെയ്യലിന് ഹാജരാകാതെ അന്വേഷണവുമായി സഹകരിക്കാത്ത നിലപാടാണ് കെജരിവാൾ സ്വീകരിക്കുന്നത്. വിഷയത്തിൽ കോടതി ഇടപെടണമെന്നും ഈഡി കോടതിയിൽ ആവശ്യപ്പെട്ടു. എന്നാൽ വിഷയത്തിൽ ഈഡി നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ കോടതിയിൽ നേരിട്ട് എത്തി ബോധിപ്പിക്കും എന്ന് ആംആദ്മി പാർട്ടി വ്യക്തമാക്കി.

## ജെഡിയു എംഎൽഎയുടെ സ്വത്തുക്കൾ കണ്ടുകെട്ടി

ന്യൂഡൽഹി: മണൽഖനന അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ബിഹാർ എംഎൽഎയും ജെഡി(യു) നേതാവുമായ രാധാ ചരൺ സാഹിന്റെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി. 26.19 കോടിരൂപയുടെ രണ്ട് സ്ഥാവര സ്വത്തുക്കളാണ് ഇഡി കണ്ടുകെട്ടിയത്. 2019ൽ ബിഹാർ പൊലീസ് രജിസ്റ്റർ ചെയ്ത 19 എഫ്ഐആറിന്റെ അടിസ്ഥാനത്തിലാണ് ഇഡി അന്വേഷണം. അനധികൃത മണൽ വിൽപനയും ഖനനവും പ്രധാനമായും രാധാ ചരണും സംഘവുമാണ് നിയന്ത്രിച്ചതെന്നും കുറ്റകൃത്യങ്ങളിൽ നിന്ന് വൻ വരുമാനം ഉണ്ടാക്കിയെന്നും ഇഡി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കേസിൽ ഷായുടെ മകൻ കനയ്യ പ്രസാദ്, കമ്പനി ഡയറക്ടർമാരായ മിഥിലേഷ് കമാർ സിങ്, ബബൻ സിങ്, സുരേന്ദ്ര കുമാർ എന്നിവരെ ഇഡി നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. നിലവിൽ ഇവർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്. ഇവർക്കെതിരെ പട്ന പ്രത്യേക കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

## തമിഴ്നാട്ടിൽ കെട്ടിടം തകർന്ന് ആറു സ്ത്രീകൾ മരിച്ചു

ചെന്നൈ: നീലഗിരി ജില്ലയിലെ ഉദ്ഗായ് ലവ്ഡെയ്ൽ പ്രദേശത്ത് തേയിലത്തോട്ടത്തിൽ നിർമാണത്തിലിരുന്ന കെട്ടിടം തകർന്ന് ആറു സ്ത്രീകൾമരിച്ചു. സംഗീത (35), ഷക്കീല (30), ഭാഗ്യ (36), ഉമ (35), മുത്തുലക്ഷ്മി (36), രാധ (38) എന്നിവരാണ് മരിച്ചത്. മരിച്ചവരെല്ലാം ഉതഗൈ ഗാന്ധിനഗർ സ്വദേശികളാണെന്നാണ് സൂചന. ഗുരുതരമായി പരിക്കേറ്റ രണ്ട് സ്ത്രീകളെയും ഒരു പുരുഷനെയും സമീപത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തടയണ ഭിത്തി നിർമാണത്തിനിടെ കെട്ടിടം തൊഴിലാളികളുടെ മേൽ പതിക്കുകയായിരുന്നു. തൊഴിലാളികൾ അവശിഷ്ടങ്ങൾക്കിടയിൽ മണ്ണിനടിയിലായി. നിലവിളി കേട്ട് സമീപത്തുണ്ടായിരുന്നവർ അഗ്നിശമന സേനയെ വിവരമറിയിച്ചു. പോലീസിൻറേയും അഗ്നിശമനസേനയുടെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## മുംബൈ തീരത്ത് നിന്നും ബോട്ട് പിടികൂടി; മൂന്നുപേർ കസ്റ്റഡിയിൽ

മുംബൈ: മുംബൈ തീരപ്രദേശത്ത് സംശയാസ്പദമായ രീതിയിൽ ബോട്ട് കണ്ടെത്തിയതിനെ തുടർന്ന് പോലീസ് അന്വേഷണം ആരംഭിച്ചു. ഗേറ്റ്വേ ഓഫ് ഇന്ത്യയ്ക്ക് സമീപം സംശയാസ്പദമായ രീതിയിൽ കണ്ട 'അബ്ദുള്ള ഷെരീഫ്' എന്ന ബോട്ട് കസ്റ്റഡിയിലെടുത്തതായി പോലീസ് അറിയിച്ചു.

ബോട്ടിൽ മൂന്ന് പേർ ഉണ്ടായിരുന്നു. എല്ലാവരും തമിഴ്നാട് കന്യാകുമാരി സ്വദേശികളാണ്. ഇവരെ ചോദ്യം ചെയ്തുവരികയാണ്. എന്നാൽ, ഇതുവരെ സംശയാസ്പദമായ ഒന്നും പ്രതികളിൽ നിന്ന് കണ്ടെത്തിയിട്ടില്ല.

ബോട്ട് കുവൈറ്റിൽ നിന്ന് എത്തിയതാണെന്നും കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്നും മൂന്ന് പേരെ ചോദ്യം ചെയ്തുവരികയാണെന്നും കൊളാബ പോലീസ് സംഭവസ്ഥലത്തുണ്ടെന്നും അധികൃതർ അറിയിച്ചു. കൂടുതൽ അന്വേഷണം നടക്കുകയാണെന്നും പോലീസ് കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചിലി മുൻ പ്രസിഡൻറ് സെബാസ്റ്റ്യൻ പിനേര ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചു

സാൻറിയോഗോ: ചിലിയുടെ മുൻ പ്രസിഡൻറും വ്യവസായിയുമായ സെബാസ്റ്റ്യൻ പിനേര(74) ഹെലികോപ്റ്റർ അപകടത്തിൽ മരിച്ചു. അദ്ദേഹത്തിൻറെ ഓഫീസ് പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

സാൻറിയാഗോയുടെ തെക്ക്, പ്രശസ്തമായ അവധിക്കാല സ്ഥലമായ ലാഗോ റാങ്കോയിൽ വച്ചായിരുന്നു അപകടം. ശവസംസ്കാരത്തിൻറെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല. അപകടസമയം സെബാസ്റ്റ്യൻ പിനേര ഉൾപ്പടെ നാലുപേരാണ് ഹെലികോപ്റ്ററിൽ ഉണ്ടായിരുന്നത്. മൂന്നുപേർ രക്ഷപെട്ടുവെങ്കിലും സെബാസ്റ്റ്യൻ പിനേര മരിച്ചുവെന്ന് ചിലി ആഭ്യന്തര മന്ത്രി പറഞ്ഞു.

സെബാസ്റ്റ്യൻ പിനേരയുടെ മൃതദേഹം സൈന്യം കണ്ടെടുത്തു. 2010 മുതൽ 2014 വരെയും പിന്നീട് 2018 മുതൽ കഴിഞ്ഞ വർഷം വരെയും ചിലിയെ നയിച്ച യാഥാസ്ഥിതിക രാഷ്ട്രീയക്കാരനായിരുന്നു പിനേര. ചിലിയിലെ അതിസമ്പന്നരിൽ ഒരാളായ അദ്ദേഹം ഒരു കോടീശ്വരനായ വ്യവസായി കൂടിയായിരുന്നു.

തെക്കേ അമേരിക്കയിലെ രാഷ്ട്രീയ നേതാക്കൾ പിനേരയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. തനിക്ക് വലിയ ദുഃഖം തോന്നിയെന്നും ഇത് നികത്താനാവാത്ത നഷ്ടമാണെന്നും അർജൻറീനിയൻ മുൻ പ്രസിഡൻറ് മൗറിസിയോ മാക്രി പ്രതികരിച്ചു. സുഹൃത്തിൻറെ മരണത്തിൽ വലിയ ദുഃഖം തോന്നുന്നുവെന്ന് കൊളംബിയയുടെ മുൻ പ്രസിഡൻറ് ഇവാൻ ഡ്യൂക്ക് പറഞ്ഞു.

## മകനെ കണ്ടുപിടിച്ച് നൽകുന്നവർക്ക് ഒരു കോടി രൂപ നൽകുമെന്ന് ചെന്നൈ മുൻ മേയർ

ചെന്നൈ: ഹിമാചൽപ്രദേശിൽ വച്ച് കാണാതായ മകനെ കണ്ട് പിടിച്ച് നൽകുന്നവർക്ക് ഒരു കോടി രൂപ പാരിതോഷികം നൽകുമെന്ന് ചെന്നൈ മുൻ മേയർ സൈദായ് ദുരൈസാമി. ഇയാളുടെ മകൻ വെട്രി ദുരൈസാമി (45) നെ ഞായറാഴ്ച ഹിമാചലിലെ കിന്നാവൂർ ജില്ലയിൽ വച്ച് ഉണ്ടായ വാഹനാപകടത്തെ തുടർന്നാണ് കാണാതായത്. കാസയിൽ നിന്ന് ഷിംലയിലേക്ക് പോകുന്നതിനിടെ സത്‌ലജ് നദിയിലേയ്ക്ക് കാർ മറിഞ്ഞാണ് അപകടം ഉണ്ടായത്. വാഹനത്തിൻറെ ഡ്രൈവർ അപകട സ്ഥലത്ത് തന്നെ മരിച്ചു. മൂന്ന് വിനോദ സഞ്ചാരികളാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. ഇതിൽ ഒരാൾ ഗുരുതര പരിക്കുകളോടെ രക്ഷപ്പെട്ടു. വെട്രി ഉൾപ്പെടെ മറ്റ് രണ്ട് പേർക്കായി തിരച്ചിൽ തുടരുകയാണ് എന്ന് പേലീസ് അറിയിച്ചു.

## ലഹരി വിരുദ്ധ ബോധവത്കരണ ഫുട്ബോൾ മേള

സുൽത്താൻ ബത്തേരി: ലഹരി വിരുദ്ധ ബോധവത്ക്കരണത്തിൻറെ ഭാഗമായി വയനാട് ജില്ലാ ജനമൈത്രി പോലീസിൻറെ നേതൃത്വത്തിൽ ഫുട്ബോൾ മേള സംഘടിപ്പിച്ചു. ബത്തേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന മേളയിൽ പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, എക്സൈസ്, ഫോറസ്റ്റ് ജില്ലാ ടീമുകൾ പങ്കെടുത്തു. ഫൈനലിൽ എകപക്ഷീയമായ രണ്ട് ഗോളുകൾക്കു എക്സൈസ് ടീമിനെ തോൽപ്പിച്ച് ഫോറസ്റ്റ് ടീം ചാന്പ്യൻമാരായി. സമാപന സമ്മേളന ഉദ്ഘാടനവും സമ്മാനദാനവും വയനാട് ജില്ലാ അഡീഷണൽ എസ്പി വിനോദ് പിള്ള നിർവഹിച്ചു. ബത്തേരി ഡിവൈഎസ്പി അബ്ദുൽ ഷരീഫ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ കെ.എസ്. ഷാജി, അബ്ദുൽ സമദ്, ബിനു തോമസ്, ജില്ലാ ജനമൈത്രി സമിതിയംഗം പ്രഭാകരൻ നായർ, ജനമൈത്രി ജില്ലാ അസി. നോഡൽ ഓഫിസർ കെ.എം. ശശിധരൻ, സിപിഒ പി.എസ്. നിയാദ് എന്നിവർ പ്രസംഗിച്ചു.

## ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പുകളിൽ ഏതറ്റം വരെയും ബിജെപി പോകും: കേജരിവാൾ

ന്യൂഡൽഹി: ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പുകളിൽ വിജയിക്കാൻ ബിജെപി ഏതറ്റം വരെയും പോകുമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ. അധികാരത്തിലെത്താൻ ബിജെപി രാജ്യം വിൽക്കാൻ വരെ തയാറാകുമെന്നും അദ്ദേഹം കുറ്റപ്പെടുത്തി

വെള്ളിയാഴ്ചയാണ് ബിജെപിക്കെതിരേ ഡൽഹി മുഖ്യമന്ത്രി ആഞ്ഞടിച്ചത്. ചണ്ഡിഗഢ് മേയർ തെരഞ്ഞെടുപ്പിൽ ബിജെപി നടത്തിയ ക്രമക്കേടുകൾ കൈയോടെ പിടികൂടിയതായി കേജരിവാൾ പറഞ്ഞു.

കഴിഞ്ഞ കുറെ വർഷങ്ങളായി ബിജെപി തെരഞ്ഞെടുപ്പുകളിൽ ക്രമകേട് നടത്തിയതായി കേജരിവാൾ ആരോപിച്ചു. ബിജെപിയുടെ നിർദേശപ്രകാരം ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകൾ നശിപ്പിക്കുകയും, വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കിയ പേരുകൾ വീണ്ടെടുത്തതായും കേജരിവാൾ ചൂണ്ടിക്കാട്ടി.

## യുവജന കമ്മീഷൻ ഗ്രീൻ സോൺ പദ്ധതിയുടെ ഭാഗമായി പച്ചക്കറി തോട്ടം ഉദ്ഘാടനം ചെയ്തു

കൽപ്പറ്റ: യുവജനങ്ങൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ ആവിഷ്കരിച്ച ഗ്രീൻ സോൺ പദ്ധതിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷിയുടെ ഉദ്ഘാടനം കളക്ടർ ഡോ. രേണു രാജ് നിർവഹിച്ചു. മാനന്തവാടി ഗവ. കോളജിലെ എൻഎസ്എസ് യൂണിറ്റുമായി ചേർന്നാണ് യുവജന കമ്മീഷൻ ഗ്രീൻസോൺ പദ്ധതി നടപ്പിലാക്കുന്നത്. ചീര, വഴുതന, കാബേജ്, തക്കാളി, പയർ, പച്ചമുളക് എന്നിവയാണ് കൃഷി ചെയ്യുക. ഉദ്ഘാടന ചടങ്ങിൽ കോളജ് പ്രിൻസിപ്പൽ ഡോ. അബ്ദുൾ സലാം അധ്യക്ഷനായി. കമ്മീഷൻ അംഗം കെ.കെ. വിദ്യ, കോളജ് എഎൻഒ ലെഫ്റ്റനൻറ് ഡോ. സായി റാം, യുവജന കമ്മീഷൻ ജില്ലാ കോർഡിനേറ്റർ ഐ. ആദർശ്, ക്യുഎഎസി കോർഡിനേറ്റർ ഡോ. ശരത്, കോളജ് യൂണിയൻ വൈസ് ചെയർപേഴ്സൺ സ്നേഹ, പിടിഎ വൈസ് പ്രസിഡൻറ് രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# പേരാവൂരിനോടുള്ള അവഗണനയ്ക്കെതിരേ യുഡിഎഫ് സമരം നടത്തും: സണ്ണി ജോസഫ്

ഇരിട്ടി: സംസ്ഥാന ബജറ്റിൽ പേരാവൂർ നിയോജകമണ്ഡലത്തോട് സർക്കാർ കാണിച്ചിരിക്കുന്നത് രാഷ്ട്രീയ ഉച്ചനീചത്വമാണെന്ന് സണ്ണി ജോസഫ് എംഎൽഎ. മണ്ഡലത്തിനോടുള്ള സർക്കാർ നിഷേധ നിലപാടിനെതിരെ യുഡിഎഫ് ശക്തമായ പ്രക്ഷോഭപരിപാടികൾ ആരംഭിക്കുമെന്നും സണ്ണി ജോസഫ് എംഎൽഎ പത്രസമ്മേളനത്തിൽ പറഞ്ഞു. ബജറ്റ് ചർച്ചയിൽ അവസരം കിട്ടിയാൽ മണ്ഡലത്തിനോടുള്ള അവഗണന നിയമസഭയിൽ ഉന്നയിക്കും. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി, ധനമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് നിവേദനം നൽകും.

ബജറ്റിന് ആഴ്ചകൾക്ക് മുന്പ് ധനമന്ത്രി നിർദേശിച്ചത് പ്രകാരം മണ്ഡലത്തിൽ അടിയന്തിരമായി പൂർത്തിയാക്കേണ്ട പൊതുമരാമത്ത് റോഡുകൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി 38 വികസന പദ്ധതികളുടെ പട്ടിക സമർപ്പിച്ചിരുന്നു. ഇതിൽ പലതും നേരത്തെ നിവേദനങ്ങൾ ആയും വിവിധ വകുപ്പ് മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. ഇരിട്ടി പേരാവൂർ നെടുംപൊയിൽ റോഡാണ് ഒന്നാമത്തെ പരിഗണനയായി സമർപ്പിച്ചത്. എന്നാൽ സമർപ്പിച്ച പദ്ധതികളൊന്നും പരിഗണിക്കാതെ മണ്ഡലത്തിന് അനുവദിച്ചത് കേവലം അഞ്ചു കോടി രൂപമാത്രമാണ്.

അതേ സമയം എൽഡിഎഫ് എംഎൽഎമാരുടെ മണ്ഡലങ്ങൾക്ക് യഥേഷ്ടം ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇതു രാഷ്ട്രീയ അനീതിയാണ്. കേന്ദ്ര അവഗണനയ്ക്കെതിരേ പ്രതിഷേധിക്കുന്നവർ സ്വന്തം നാട്ടിൽ പ്രതിപക്ഷ എംഎൽഎമാരോട് കാട്ടുന്ന രാഷ്ട്രീയ വിവേചത്തിനോട് എന്താണ് പറയാനുള്ളതെന്ന് വ്യക്തമാക്കണമെന്നും സണ്ണി ജോസഫ് എംഎൽഎ ആവശ്യപ്പെട്ടു.

12 വർഷങ്ങൾക്ക് ശേഷം ഇവിടെ വീണ്ടും ക്വാറി ആരംഭിക്കാനുള്ള നീക്കം വൻ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാവുമെന്നും ഇവർ പറഞ്ഞു.

# ഗാസയിലെ സുരക്ഷിത മേഖലകളിൽ ഇസ്രയേൽ ആക്രമണം

ഗാസ സിറ്റി: ഗാസയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സുരക്ഷിത മേഖലകളിലേക്ക് ആക്രമണം കടുപ്പിച്ച് ഇസ്രയേൽ. വീടുകൾക്കും പള്ളികൾക്കും നേരെയുണ്ടായ വ്യോമാക്രമണത്തിൽ മുപ്പതോളം പേർ കൊല്ലപ്പെട്ടതായി അന്താരാഷ്ട്ര മാധ്യമമായ അൽ ജസീറ റിപ്പോർട്ട് ചെയ്തു. ആക്രമണം നടന്ന പ്രദേശത്ത് രക്ഷാസംഘം തെരച്ചിൽ നടത്തുകയാണ്.

തെക്കൻ ഗാസയിൽ ഖാൻ യൂനിസിലും റാഫയിലും സംഘർഷം തുടരുകയാണ്. വ്യോമാക്രമണത്തിൽ കഴിഞ്ഞ 24 മണിക്കൂറിൽ 12ഓളം പലസ്തീൻ സൈനികരെ വധിച്ചതായി ഇസ്രയേൽ സൈന്യം പറഞ്ഞു. ഇസ്രയേൽ

ലെബനൻ അതിർത്തിയിലും ഹിസ്ബുള്ളയും ഇസ്രയേലും തമ്മിൽ ഏറ്റുമുട്ടലുണ്ടായതായും അതിർത്തി കടന്നുള്ള കൈമാറ്റത്തിൽ സായുധ സംഘത്തിലെ മൂന്ന് അംഗങ്ങൾ കൊല്ലപ്പെട്ടതായും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.ആശുപത്രികളും പരിസരപ്രദേശങ്ങളും ലക്ഷ്യംവച്ചുള്ള ആക്രമണങ്ങളിൽ ഗാസയിലെ പ്രധാന ആശുപത്രികളിലൊന്നായ അൽ ഷിഫയിൽ കഴിയുന്ന ആരോഗ്യപ്രവർത്തകരും രോഗികളും പരിഭ്രാന്തയിലാണെന്നും അൽ ജസീറയുടെ റിപ്പോർട്ടിൽ പറയുന്നു.

യുദ്ധാനന്തര ഗാസയെക്കുറിച്ച് ചർച്ച ചെയ്യാൻ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ സൗദി അറേബ്യയിലെത്തി. ജനുവരി അവസാനം ജോർദാനിൽ മൂന്ന് അമേരിക്കൻ സൈനികർ കൊല്ലപ്പെടുകയും പത്രണ്ടോളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഡ്രോൺ ആക്രമണത്തിന് മറുപടിയായി സിറിയ, ഇറാഖ്, യെമൻ എന്നിവിടങ്ങളിൽ ഇറാൻ പിന്തുണയുള്ള പോരാളികൾക്ക് നേരെ യുഎസ് നടത്തിയ ആക്രമണങ്ങൾക്കിടയിലാണ് ഈ മേഖലയിലേക്കുള്ള ബ്ലിങ്കന്റെ സന്ദർശനം.

അതേസമയം, ഗാസയിൽ യുദ്ധക്കെടുതി അനുഭവിക്കുന്നവർക്കുള്ള ദുരിതാശ്വാസ സാമഗ്രികളുമായി യുഎഇയുടെ രണ്ടാമത്തെ കപ്പൽ ഫുജൈറയിൽ നിന്ന് പുറപ്പെട്ടു. 4544 ടൺ സാമഗ്രികളാണ് കപ്പലിലുള്ളത്. ഈജിപ്തിലെ അൽ അരിഷിൽ കപ്പൽ നങ്കൂരമിടും. ഭക്ഷണം, താൽക്കാലിക കൂടാരങ്ങൾ നിർമിക്കാനുള്ള വസ്തുക്കൾ, മരുന്നുകൾ എന്നിവയാണ് കപ്പലിലുള്ളത്.

ഒക്ടോബർ ഏഴിന് ആരംഭിച്ച സംഘർഷത്തിൽ ഇതുവരെ ഗാസയിൽ കൊല്ലപ്പെട്ടത് 27,478 പേരാണ്. 66,835 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

# ദക്ഷിണാഫ്രിക്കയ്ക്കെതിരേ കിവീസിന് കൂറ്റൻ ജയം; പോയിൻറ് പട്ടികയിൽ ഒന്നാമത്

മൗണ്ട് മാംഗനൂയി: ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിന് 281 റൺസിൻറെ കൂറ്റൻ ജയം. നാലാം ദിനം 529 റൺസ് വിജയലക്ഷ്യം പിന്തുടർന്ന് ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക 247 റൺസിന് പുറത്തായി.

58 റൺസ് വഴങ്ങി നാലു വിക്കറ്റ് വീഴ്ത്തിയ കെയ്ൽ ജാമിസണും 59 റൺസ് വഴങ്ങി മൂന്നുവിക്കറ്റ് വീഴ്ത്തിയ മിച്ചൽ സാൻറ്നറുമാണ് സന്ദർശകരെ എറിഞ്ഞിട്ടത്. 87 റൺസെടുത്ത ഡേവിഡ് ബെഡിംഗ്ഹാമിനു മാത്രമാണ് ദക്ഷിണാഫ്രിക്കൻ നിരയിൽ പിടിച്ചു നില്ക്കാനായത്.

നേരത്തെ ന്യൂസിലൻഡ് നാലിന് 179 റൺസ് എന്ന നിലയിൽ രണ്ടാമിന്നിംഗ്സ് ഡിക്ലയർ ചെയ്തിരുന്നു. റൺമല പിന്തുടർന്ന് രണ്ടാമിന്നിംഗ്സിൽ ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്കയ്ക്ക് വീണ്ടും തുടക്കത്തിൽ അടിപതറി. സ്കോർ ബോർഡിൽ വെറും അഞ്ചുറൺസ് കൂട്ടിച്ചേർക്കുന്നതിനിടെ ഓപ്പണർമാരായ എഡ്വേർഡ് മൂർ (പൂജ്യം), നായകൻ നീൽ ബ്രാൻഡ് (മൂന്ന്) എന്നിവർ കൂടാരംകയറി.

പിന്നാലെ ക്രീസിൽ ഒന്നിച്ച റയ്നാർഡ് വാൻ ടോൻഡറും സുബൈർ ഹംസയും ചേർന്ന് സ്കോർ ഉയർത്തി. ഇരുവരും ചേർന്ന് 63 റൺസിൻറെ കൂട്ടുകെട്ട് പടുത്തുയർത്തി. സ്കോർ 68ൽ നില്ക്കേ ടോൻഡറെ (31) പുറത്താക്കി ജാമിസൺ കൂട്ടുകെട്ട് പൊളിച്ചു. തൻറെ അടുത്ത ഓവറിൽ സുബൈറിനെയും (36) പുറത്താക്കി ജാമിസൺ സന്ദർശകരെ ഞെട്ടിച്ചു.

നാലുവിക്കറ്റ് നഷ്ടത്തിൽ 73 റൺസ് എന്ന നിലയിൽ ഉലഞ്ഞ ദക്ഷിണാഫ്രിക്കയെ ഡേവിഡ് ബെഡിംഗ്ഹാം കീഗൻ പീറ്റേഴ്സൺ സഖ്യമാണ് നൂറുകടത്തിയത്. ഇരുവരും ചേർന്ന് 105 റൺസ് കൂട്ടുകെട്ട് പടുത്തുയർത്തി. 87 റൺസെടുത്ത ബെഡിംഗ്ഹാമിനെയും 16 റൺസെടുത്ത പീറ്റേഴ്സണെയും അടുത്തടുത്ത ഓവറുകളിൽ പുറത്താക്കി ജാമിസൺ തിരിച്ചെത്തിയതോടെ ന്യൂസിലൻഡ് വിജയം മണത്തു.

പിന്നീട് കൃത്യമായ ഇടവേളകളിൽ ദക്ഷിണാഫ്രിക്കയ്ക്ക് വിക്കറ്റുകൾ നഷ്ടമായിക്കൊണ്ടിരുന്നു. ക്ലൈഡ് ഫോർടിൻ (11), ഡെയ്ൻ ഒലിവർ (ഒന്ന്), ഷെപ്പോ മൊറേക്കി (ആറ്), ഡെയ്ൻ പീറ്റേഴ്സൺ (15) എന്നിവർ ചെറുത്തുനില്പ് കൂടാതെ കീഴടങ്ങിയതോടെ ആസന്നമായ തോൽവി ദക്ഷിണാഫ്രിക്ക ഏറ്റുവാങ്ങി. അവസാനത്തെ മൂന്നുവിക്കറ്റും വീഴ്ത്തി മിച്ചൽ സാൻറ്നറാണ് ആതിഥേയരുടെ ജയം വേഗത്തിലാക്കിയത്. 34 റൺസുമായി റുവാൻ ഡിസ്വാർട്ട് പുറത്താകാതെ നിന്നു.

വമ്പൻ ജയത്തോടെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് പോയിൻറ് ടേബിളിൽ ഓസ്ട്രേലിയയെയും ഇന്ത്യയെയും പിന്തള്ളി ന്യൂസിലൻഡ് ഒന്നാം സ്ഥാനത്തേക്ക് കയറി. ഇതുവരെ കളിച്ച മൂന്ന് ടെസ്റ്റിൽ രണ്ട് ജയവും ഒരു പരാജയമുള്ള ന്യൂസിലൻഡിന് 24 പോയിൻറാണുള്ളത്. 10 ടെസ്റ്റിൽ ആറ് ജയവും മൂന്ന് തോൽവിയും ഒരു സമനിലയുമുൾപ്പെടെ 66 പോയിൻറുമായി ഓസ്ട്രേലിയ രണ്ടാം സ്ഥാനത്താണ്.

ആറ് ടെസ്റ്റിൽ മൂന്ന് ജയവും രണ്ട് തോൽവിയും ഒരു സമനിലയും അടക്കം 38 പോയൻറുള്ള ഇന്ത്യ രണ്ടാം സ്ഥാനത്തുനിന്ന് മൂന്നിലേക്ക് പിന്തള്ളപ്പെട്ടു. ഇന്ത്യക്ക് പിന്നിലായി ബംഗ്ലാദേശും പാകിസ്ഥാനുമാണ് നാലും അഞ്ചും സ്ഥാനങ്ങളിൽ.

തോൽവിയോടെ 12 പോയിൻറുമായി ദക്ഷിണാഫ്രിക്ക ആറാം സ്ഥാനത്ത് തന്നെ തുടരുകയാണ്. ഇന്ത്യക്കെതിരായ പരമ്പര കളിക്കുന്ന ഇംഗ്ലണ്ട് എട്ടാം സ്ഥാനത്താണ്.

# കേരളത്തിൽ ജനങ്ങൾക്ക് അരി വാങ്ങാൻ നിവൃത്തിയില്ല: അമൃത രാമകൃഷ്ണൻ

ചെറുപുഴ: കേരളത്തിലെ ജനങ്ങൾക്ക് അരി മേടിക്കാൻ നിവൃത്തിയില്ലെന്ന് കെപിസിസി അംഗം അമൃത രാമകൃഷ്ണൻ. കുതിച്ചുയരുന്ന അരി വിലയിലും കാലിയായ സപ്ലൈകോ മാവേലി സ്റ്റോറുകളുടെ ദയനീയാവസ്ഥയിലും പ്രതിഷേധിച്ച് ചെറുപുഴ ബ്ലോക്ക് മഹിളാ കോൺഗ്രസ് കമ്മിറ്റി ചെറുപുഴ സപ്ലൈകോ ഡിപ്പോയിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അമൃത രാമകൃഷ്ണൻ. സർവ മേഖലയിലും വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നു.

അതിനിടെ സർക്കാർ നികുതി വർധിപ്പിച്ചും ദ്രോഹിക്കുകയാണ്. ഖജനാവ് കാലിയാണെന്ന് പറയുന്പോഴും സർക്കാർ നടത്തുന്ന ധൂർത്തിന് ഒരു കുറവുമില്ലെന്നും അമൃത രാമകൃഷ്ണൻ പറഞ്ഞു.

ചെറുപുഴ പാടിയോട്ടുചാൽ സർവീസ് സഹകരണ ബാങ്ക് പരിസരത്തു നിന്നും ഒഴിഞ്ഞ അരിക്കലങ്ങളുമായാണ് പ്രവർത്തകർ മാർച്ച് നടത്തിയത്. ചെറുപുഴ ബ്ലോക്ക് മഹിള കോൺഗ്രസ് പ്രസിഡൻറ് ഉഷ മുരളി അധ്യക്ഷത വഹിച്ചു. ഡിസിസി നിർവാഹക സമിതിയംഗം ആലയിൽ ബാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ചെറുപുഴ ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് മഹേഷ് കുന്നുമ്മൽ, തങ്കച്ചൻ കാവാലം, മഹിളാ കോണഗ്രസ് ജില്ലാ സെക്രട്ടറിമാരായ മിനി വേണുഗോപാൽ, സെബീന റഷീദ്, ജോയിസി ഷാജി, ചെറുപുഴ മണ്ഡലം പ്രസിഡൻറ് ടി.പി. ചന്ദ്രൻ, ലളിത ബാബു, ലൈസമ്മ പനയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

## ചാൾസ് മൂന്നാമന് കാൻസർ സ്ഥിരീകരിച്ചു

ലണ്ടൻ: ബ്രിട്ടനിലെ ചാൾസ് മൂന്നാമൻ രാജാവിന് കാൻസർ സ്ഥിരീകരിച്ചു. ബക്കിങ്ഹാം കൊട്ടാരമാണ് രോഗവിവരം പുറത്തുവിട്ടത്. അഭ്യൂഹങ്ങൾ ഒഴിവാക്കാൻ ചാൾസിന്റെ ആഗ്രഹ പ്രകാരം രോഗവിവരം പരസ്യപ്പെടുത്തുകയാണെന്ന് കൊട്ടാരം വിശദീകരിച്ചു. എന്ത് തരം അർബുദമാണെന്നോ ഏത് ഘട്ടത്തിൽ ആണെന്നോ വ്യക്തമാക്കിയിട്ടില്ല. പ്രോസ്റ്റേറ്റ് ചികിത്സയ്ക്ക് ഇടയിലാണ് രോഗം സ്ഥിരീകരിച്ചത്. പൊതു പരിപാടികൾ ഒഴിവാക്കി, ചികിത്സ ആരംഭിച്ചെങ്കിലും ഓഫിസ് ജോലികൾ തുടരും. മക്കളായ വില്യം, ഹാരി എന്നിവരെ ചാൾസ് തന്നെ രോഗ വിവരം അറിയിച്ചു. കഴിഞ്ഞ വർഷം മേയ് മാസത്തിലാണ് 75കാരനായ ചാൾസ് ബ്രിട്ടന്റെ രാജാവായി അധികാരമേറ്റത്.

വാർത്ത പുറത്തുവന്നതിന് പിന്നാലെ, പ്രതികരണങ്ങളുമായി നിരവധി പേർ രംഗത്തെത്തി. എത്രയും വേഗം സുഖം പ്രാപിക്കട്ടേയെന്ന് യുകെ പ്രധാനമന്ത്രി റിഷി സുനക് പറഞ്ഞു. ചുരുങ്ങിയ സമയത്തിനുള്ളിൽ അദ്ദേഹം പൂർണ ആരോഗ്യത്തിലേക്ക് തിരിച്ചുവരുമെന്നതിൽ തനിക്ക് സംശയമില്ലെന്നും രാജ്യം മുഴുവൻ അദ്ദേഹത്തിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുമെന്നും സുനക് കൂട്ടിച്ചേർത്തു. അദ്ദേഹം സുഖംപ്രാപിക്കാനായി എല്ലാ പ്രാർത്ഥനയും നേരുന്നതായി ലേബർ പാർട്ടി നേതാവ് കെയിർ സറ്റാർമർ കുറിച്ചു. പൂർണ ആരോഗ്യത്തോടെ തിരിച്ചെത്തുന്ന അദ്ദേഹത്തെ കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സൈനികൻ ഹൃദയാഘാതം മൂലം മരിച്ചു

മങ്കൊമ്പ്: ഹൈദരാബാദിൽ ഹൃദയാഘാതത്തെത്തുടർന്ന് മലയാളി സൈനികൻ മരിച്ചു. കാവാലം കുന്നുമ്മ ആറ്റുചിറ എ.ജെ. ജോസഫിൻറെ മകൻ ജിക്കു ജോസഫാ(38)ണ് മരിച്ചത്. ആർമിയിൽ ജൂണിയർ കമ്മീഷണർ ഓഫീസറായി ഹൈദരാബാദിൽ കുടുംബസമേതം താമസിക്കുന്ന ജിക്കുവിനു തിങ്കളാഴ്ച രാവിലെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമായിരുന്നു. തുടർന്ന് വൈകുന്നേരം ആറരയോടെ മരണം സംഭവിക്കുകയായിരുന്നു. ഇദ്ദേഹം ആശുപത്രിയിലാണെന്നറിഞ്ഞു പിതാവ് തിങ്കളാഴ്ച വൈകുന്നേരം ഹൈദരാബാദിലേക്കു യാത്രതിരിച്ചിരുന്നു.20 വർഷം മുൻപാണ് ജിക്കു ആർമിയിൽ പ്രവേശിക്കുന്നത്. കഴിഞ്ഞ ഒക്ടോബറിലാണ് അവസാനമായി അവധിക്കു നാട്ടിലെത്തി മടങ്ങിയത്. സൈനിക ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം നടപടിക്രമങ്ങൾക്കുശേഷം കാവാലത്തെ വീട്ടിലെത്തിക്കും. സംസ്കാരം നാളെ ഉച്ചകഴിഞ്ഞു 2.30നു കാവാലം സെൻറ് തെരേസാസ് പള്ളിയിൽ. അമ്മ: ആൻസമ്മ. ഭാര്യ: എലിസബത്ത് മണപ്ര ചിറയിൽ കുടുംബാംഗം. മക്കൾ: ജൂവൽ, ഏബൽ, നോയൽ, ജോയൽ.

## ബ്രിട്ടീഷ്, യുഎസ് കപ്പലുകൾക്ക് നേരെ ഹൂതി ആക്രമണം

സനa: ചെങ്കടലിൽ ബ്രിട്ടീഷ്, യുഎസ് കപ്പലുകൾക്ക് നേരെ ആക്രമണം നടത്തിയതായി ഹൂതികൾ. യെമൻ തുറമുഖമായ ഹൊഡെയ!ഡയുടെ പടി!ഞ്ഞാറ് ഭാഗത്താണ് ആക്രമണം നടന്നത്. ബ്രിട്ടന്റെ ഉടമസ്ഥതയിലുള്ള ചരക്കുകപ്പലായ മോർണിങ് ടൈഡ്, മാർഷൽ ഐലൻഡ്സിന്റെ പതാകയുള്ള അമേരിക്കൻ കപ്പലായ സ്റ്റാർ നാസിയ എന്നിവയ്ക്ക് നേരെ ആക്രമണം നടത്തിയതായി ഹൂതി വക്താവ് യഹ്യ സാരി അറിയിച്ചു. പലസ്തീൻ ജനതയ്ക്കെതിരായ ആക്രമണം അവസാനിപ്പിക്കുന്നതുവരെ ചെങ്കടലിലെ സൈനിക നടപടി തുടരുമെന്നും സാരി വ്യക്തമാക്കി.

ബാർബഡോസ് പതാകയേന്തിയ മോർണിങ് ടൈഡിന് സാരമായ കേടുപാടുകൾ സംഭവിച്ചതായി യുകെ മാരിടൈം ട്രേഡ് ഓപ്പറേഷൻസ് പറഞ്ഞു. ജീവനക്കാർ സുരക്ഷിതരാണെന്ന് ബ്രിട്ടീഷ് സ്ഥാപനമായ ഫുറാഡിനോ ഷിപ്പിങ് അറിയിച്ചു. മറ്റ് പ്രശ്!നങ്ങളില്ലാതെ കപ്പൽ യാത്ര തുടരുകയാണെന്നും കമ്പനി കൂട്ടിച്ചേർത്തു.

സിറിയയിലെയും ഇറാഖിലെയും ഹൂതി കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് യുഎസ്‌യുകെ സംയുക്ത സൈന്യം ആക്രമണം നടത്തിയതിനു തൊട്ടുപിന്നാലെയാണ് ഇരുരാജ്യങ്ങളുടെയും കപ്പലുകൾ ആക്രമിക്കപ്പെട്ടത്.

## അഹമ്മദ് അവദ് ബിൻ മുബാറക്ക് യെമൻ പ്രധാനമന്ത്രി

സന: വിദേശകാര്യ മന്ത്രി അഹമ്മദ് അവദ് ബിൻ മുബാറക്കിനെ യെമൻ പ്രധാനമന്ത്രിയായി നിയമിച്ചു. 2018 മുതൽ പ്രധാനമന്ത്രിയായിരുന്ന മെ!യ്!ൻ അബ്ദുൾ മാലിക് സയീദിന് പകരം പ്രസിഡൻഷ്യൽ കൗൺസിലിന്റെ ഉപദേശകനായി തുടരും. പുനഃസംഘടനയ്ക്ക് പിന്നിലെ കാരണം പ്രസിഡൻഷ്യൻ കൗൺസിൽ വ്യക്തമാക്കിയിട്ടില്ല. 2020 മുതൽ വിദേശകാര്യ മന്ത്രിയാണ് അഹമ്മദ് അവദ് ബിൻ മുബാറക്ക്. 2015 ൽ പ്രസിഡൻഷ്യൽ ചീഫ് ഓഫ് സ്റ്റാഫായി സേവനമനുഷ്ഠിക്കവേ അവദ് ബിൻ മുബാറക്കിനെ ഹൂതി വിമതർ തട്ടിക്കൊട്ടുപോയിരുന്നു. തുടർന്ന് ഹൂതികളും സുരക്ഷാസേനയും തമ്മിലുള്ള സംഘർഷത്തിനു പിന്നാലെ അബ്ദുറബ്ബു മൻസൂർ ഹാദിയുടെ നേത!്യത്വത്തിലുള്ള സർക്കാർ രാജിവച്ചിരുന്നു. ഐക്യരാഷ്ട്ര സഭയിലെ പ്രതിനിധിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കടുത്ത ഹൂതി വിരുദ്ധ നിലപാടുള്ള നേതാവാണ് യുഎസിലെ മുൻ യെമൻ അംബാസഡർ കൂടിയായിരുന്ന ബിൻ മുബാറക്ക്. ബിൻ മുബാറക്കിന്റെ നിയമനം ഹൂതികൾ അംഗീകരിക്കില്ലെന്നാണ് വിലയിരുത്തന്നത്. സർക്കാരും ഹൂതികളും തമ്മിലുള്ള പിരിമുറക്കം വർധിക്കാൻ സാധ്യതയുണ്ടെന്നും വിദ്!!ഗധർ പറയുന്നു. സമീപകാല പരാമർശങ്ങളിൽ ഹൂതികളെ ഭീകര സംഘടനായായി പ്രഖ്യാപിക്കാൻ ബിൻ മുബാറക്ക് യൂറോപ്യൻ യൂണിയനോട് ആഹ്വാനം ചെയ്തിരുന്നു. ചെങ്കടൽ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സൈന്യത്തിന് കൂടുതൽ പിന്തുണയും മുബാറക് പ്രഖ്യാപിച്ചിരുന്നു.